VOL NO: 06 I ISSUE 26
www.nerpatham.com
mail@nerpatham.com
2022 JUNE 25 I ₹10

# നേർപഥം

വാരിക

മനുഷ്യജീവിതത്തിന് ഒരു താളപ്പൊരുത്തമുണ്ട്. സാമൂഹികജീവിയെന്ന നിലയിൽ അതിന്റെ ഉയർച്ച താഴ്ചകളുടെ ഗ്രാഫ് മറ്റുള്ളവരുടേതുമായി കൂട്ടിമുട്ടാതിരിക്കുമ്പോഴോ, കൂട്ടിമുട്ടിയാൽ പോലും വക്ക് പൊടിഞ്ഞ് ചോര കിനിയാതിരിക്കുകയോ ചെയ്യുമ്പോഴാണ് ലക്ഷ്യപ്രാപ്തി സാധ്യമാകുന്നത്. കേവലം വ്യക്തിയിലോ കുടുംബത്തിലോ സമൂഹത്തിലോ ഒതുങ്ങി നിൽക്കാതെ അതിർത്തികൾ ഉല്ലംഘിച്ച് ഈ ആശയം വികസിക്കുമ്പോൾ മാത്രമെ പൂർണതയിലെത്തിയെന്ന് അവകാശപ്പെടാനാവൂ.




## അഗ്നിയായി പടരുന്ന 'അഗ്നിപഥ്' പ്രതിഷേധം


# നിലനിൽപ്പിന്റെ പോരാട്ട വഴിയിൽ

|| നമ്മുടെ രാജ്യത്തെ കോടതികൾ

|| നബിനിന്ദകർ പഠിക്കേണ്ടത് നബിജീവിതം

|| ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org


0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0283
# നേർപഥം
വാരിക

2022 ജൂൺ 25
1443 ദുൽഖഅദ 24
പുസ്തകം 06 / ലക്കം 26




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




05
മുഖമൊഴി
അഗ്നിയായി പടരുന്ന
'അഗ്നിപഥ്' പ്രതിഷേധം

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

16
ചരിത്രപഥം
പ്രവാചകന്റെ വിവാഹങ്ങൾ
ഹുസൈൻ സലഫി

18
ലേഖനം
ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ
പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത
സഅ്ഫർ സ്വാദിഖ് മദീനി

24
നിയമപഥം
നമ്മുടെ രാജ്യത്തെ
കോടതികൾ
അബൂഅയ്മൻ

25
ലേഖനം
നാവിനെ സൂക്ഷിക്കാം
ശമീർ മദീനി

26
ലേഖനം
നബിനിന്ദകർ പഠിക്കേണ്ടത്
നബിജീവിതം
അബ്ദുൽ മാലിക് സലഫി

30
ലേഖനം
ഇബ്റാഹീം നബി(അ):
ജീവിതവും സന്ദേശവും
വിശുദ്ധ ക്വുർആനിൽ
സലീം പടല

34
കവിത
വിചാരധാര
വിശാലത
സുലൈമാൻ പെരുമുക്ക്

# ആത്മീയതട്ടിപ്പുകളെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം: മുജാഹിദ് സമ്മേളനം

കുറ്റ്യാടി: ആത്മീയതയുടെ മറവിൽ തട്ടിപ്പുകളിലൂടെ തടിച്ച് കൊഴുക്കുന്നവരെയും അത്തരം കേന്ദ്രങ്ങളെയും അന്വേഷിച്ച് നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് കുറ്റ്യാടിയിൽ നടന്ന മുജാഹിദ് ജില്ലാതല ആദർശ സമ്മേളനം ആവശ്യപ്പെട്ടു. ഇസ്‌ലാമിലെ ആചാരാനുഷ്ഠാനങ്ങൾ അതിന്റെ പ്രമാണങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നവിധം സുതാര്യമായിരിക്കെ മജ്‌ലിസുകളിലെ ചൂഷണങ്ങളെ കണ്ടെത്താൻ എളുപ്പമാണ്. പ്രവർത്തനങ്ങളിലും ഇടപെടലുകളിലും അസ്വാഭാവികത പ്രകടിപ്പിക്കുന്നവർക്ക് ദിവ്യത്വം കല്പിച്ചുനൽകി വിശ്വാസികളെ ചൂഷണം ചെയ്ത് ആത്മീയവാണിഭം നടത്തുന്ന പ്രവണതകൾക്കെതിരെ സമൂഹം ബോധവാന്മാരാകണം. സമൂഹത്തിന്റെ അജ്ഞതയെ ചൂഷണം ചെയ്ത് കൊഴുക്കുന്ന എല്ലാ കേന്ദ്രങ്ങൾക്കെതിരെയും ബോധവത്കരിക്കാൻ സമ്മേളനം ആവശ്യപ്പെട്ടു. ഇത്തരം ചൂഷകരെയും ചൂഷണ കേന്ദ്രങ്ങളെയും സഹായിക്കുന്ന സമീപനം അധികാരികളും ജനപ്രതിനിധികളും വെടിയണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി സമ്മേളനം ഉദ്ഘാടനം ചെയ്തു. ട്രഷറർ നാസിർ ബാലുശ്ശേരി ആധ്യക്ഷ്യം വഹിച്ചു. വിദ്യാഭ്യാസ ബോർഡ് അഞ്ച്, എട്ട് കാസ്സുകളിൽ നടത്തിയ പൊതുപരീക്ഷയിൽ ജില്ലയിൽ ഉന്നത വിജയം നേടിയ വർക്കുള്ള ഉപഹാരങ്ങൾ കേന്ദ്ര കമ്മിറ്റി അംഗം വെൽക്കം അശ്റഫ് വിതരണം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ്, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി. ഹാരിസ് മദനി കായക്കൊടി, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി, കുവൈത്ത് കേരള ഇസ്‌ലാഹി സെന്റർ വൈസ് പ്രസിഡൻറ് സി.പി. അബ്ദുൽ അസീസ്, ടി.പി. അബ്ദുൽ അസീസ്, ഡോ. അബ്ദുറസാഖ് ആലക്കൽ എന്നിവർ സംസാരിച്ചു.

# വിസ്ഡം എജ്യുക്കേഷൻ ബോർഡ് പൊതുപരീക്ഷാഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: വിസ്ഡം എജ്യുക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന മദ്റസകളിലെ 2021- 22 അധ്യയനവർഷത്തെ അഞ്ച്, എട്ട് ക്ലാസ്സുകളിലെ പൊതുപരീക്ഷാഫലം പ്രഖ്യാപിച്ചു. അഞ്ചാം തരത്തിൽ 92.13 ശതമാനവും എട്ടാം തരത്തിൽ 82.14 ശതമാനവും വിദ്യാർഥികൾ വിജയിച്ചു.

എട്ടാം തരത്തിൽ 96.85% മാർക്കോടെ മദ്റസത്തുൽ ഇസ്‌ലാഹിയ്യ കിണവക്കലിലെ സ്വാലിഹ (കെ.ആർ.048011), മനാറുൽ ഇസ്‌ലാം മദ്റസ പൂച്ചാക്കലിലെ ഇർഫാന (എ.എൽ.038001) എന്നിവർ ഒന്നാം റാങ്ക് പങ്കിട്ടു. മിർസ്വാദ (എ.എൽ.038003) ആലപ്പുഴ (മനാറുൽ ഇസ്‌ലാം മദ്റസ, പൂച്ചാക്കൽ) 94.44% മാർക്കോടെ രണ്ടാം റാങ്കും, ഹാദിയ (കെ.ആർ.068007) കണ്ണൂർ (മദ്റസത്തുൽ മുജാഹിദീൻ, കമ്പിൽ) 93.15% മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി.

അഞ്ചാം തരത്തിൽ അംന (ടി.വി.015001) തിരുവനന്തപുരം (സലഫി മദ്റസ, മുട്ടപ്പലം) 94.26% മാർക്കോ ടെ ഒന്നാം റാങ്കും, ഫാത്തിമ റിയാസ് (കെ.എസ്. 045014) കാസർഗോഡ് (മദ്റസത്തുസ്സലഫിയ്യ എസ്.പി നഗർ) 94.07% മാർക്കോടെ രണ്ടാം റാങ്കും, ഫിദ ഫാത്തിമ കെ.ആർ15001) കണ്ണൂർ (അൽഹിക്മ മദ്റസ, എടയന്നൂർ) 93.15% മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി.

പുനർമൂല്യനിർണയത്തിന് അപേക്ഷിക്കുന്നവർ കൈപ്പടയിലെഴുതിയ അപേക്ഷ 2022 ജൂൺ 20ന് മുമ്പായി Wisdom Education Borad, CV Complex, PV Swami Road, Kozhikode എന്ന അഡ്രസ്സിൽ അയക്കേണ്ടതാണ്.

**-സെക്രട്ടറി**

# അഗ്നിയായി പടരുന്ന 'അഗ്നിപഥ്' പ്രതിഷേധം

കേന്ദ്ര സർക്കാർ നടപ്പാക്കാൻ അനുമതി നൽകിയ 'അഗ്നിപഥ്' പദ്ധതിക്കെതിരെ രാജ്യവ്യാപക പ്രതിഷേധമുയരുകയാണ്. പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങും കര, നാവിക, വ്യോമസേന മേധാവികളും ചേർന്ന് കഴിഞ്ഞ ചൊവ്വാഴ്ചയാണ് പദ്ധതി പ്രഖ്യാപിച്ചത്. ബിഹാർ, രാജസ്ഥാൻ, ഹരിയാന അടക്കമുള്ള വിവിധ സംസ്ഥാനങ്ങളിലെ യുവാക്കൾ ഇതിനെതിരെ പ്രക്ഷോഭവുമായി തെരുവിലിറങ്ങിക്കഴിഞ്ഞു. പ്രധാനമായും സ്ഥിരനിയമനത്തിനുള്ള അവസരവും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നഷ്ടമാകുന്നത് ചൂണ്ടിക്കാട്ടിയാണ് യുവാക്കളുടെ പ്രതിഷേധം. പ്രതിപക്ഷ കക്ഷികളും പദ്ധതിക്കെതിരെ രൂക്ഷവിമർശനമുയർത്തിയിരിക്കുകയാണ്

പതിനേഴര വയസ്സായ കുട്ടികളെ നാലു വർഷക്കാലത്തേക്ക് സൈനിക സേവനത്തിന്റെ ഭാഗമാക്കുന്നതാണ് ഈ പദ്ധതി. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്നവർ 'അഗ്നിവീരന്മാർ' എന്നറിയപ്പെടും. ഈ വർഷം തന്നെ പദ്ധതി ആരംഭിക്കും. ഇക്കൊല്ലം 46,000 പേരെ റിക്രൂട്ട് ചെയ്യാനാണ് പരിപാടി. അഗ്നിവീരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 30,000 രൂപയാണ് ശമ്പളം. നിയമനം ലഭിച്ചവരിൽനിന്ന് മികച്ച പ്രകടനം കാഴ്ചവെക്കുന്ന 25 ശതമാനം പേർക്ക് സൈന്യത്തിൽ തുടരാമെന്ന് പറയുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർഥികൾക്ക് ആറുമാസത്തെ പരിശീലനവും തുടർന്ന് മൂന്നര വർഷത്തെ നിയമനവുമാണു നൽകുക. ശമ്പളത്തിന്റെ 30 ശതമാനം സേവാനിധി പ്രോഗ്രാമിലേക്കു മാറ്റും. നാലു വർഷം ഇങ്ങനെ മാറ്റിവെക്കുന്ന തുക കൂടി ചേർത്ത് സേവന കാലയളവ് അവസാനിക്കുമ്പോൾ ഓരോ സൈനികനും 11.71 ലക്ഷം രൂപ ലഭിക്കുമെന്നും പറയുന്നു.

സൈന്യത്തിന്റെ പ്രഫഷനലിസം നശിപ്പിക്കുന്ന പദ്ധതിയാണിതെന്ന് മുൻ സൈനിക ഉദ്യോഗസ്ഥർ ഉൾപ്പെടെ ഒരു വിഭാഗം അഭിപ്രായപ്പെട്ട് രംഗത്തുവന്നിട്ടുണ്ട്. തയ്യാറെടുപ്പും പരിശീലനവും ക്ഷമയും പക്വതയും ആവശ്യമുള്ള സംഗതിയാണിത്. പതിനേഴര വയസ്സുള്ള കുട്ടികളെ റിക്രൂട്ട് ചെയ്ത് കുറഞ്ഞ സമയം പരിശീലനം നൽകി സൈന്യത്തിലെടുക്കുന്നത് സൈനിക സേവനത്തിന്റെ ഗുണമേന്മയെ ബാധിക്കുമെന്നാണ് ഇവരുടെ വിമർശനം


എന്നാൽ സൈന്യത്തെ കൂടുതൽ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമാണ് പദ്ധതിയെന്നും അത് സൈന്യത്തിന് കൂടുതൽ യുവത്വം നൽകുമെന്നുമാണ് സർക്കാറുമായി ബന്ധപ്പെട്ടവർ പറയുന്നത്. ചെറുപ്രായത്തിലേ സൈനിക സേവനത്തിലേക്ക് പൗരന്മാരെ ആകർഷിക്കുമെന്നതും അവർ നേട്ടമായി പറയുന്നു. അഗ്നിപഥ് പദ്ധതി തൊഴിലവസരങ്ങൾ വർധിപ്പിക്കുമെന്നും നാലുവർഷത്തെ സേവനത്തിനിടയിൽ നേടിയ നൈപുണ്യവും അനുഭവപരിചയവും കാരണം സൈനികർക്കു വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുമെന്നുമാണ് പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞത്.

പ്രതിഷേധക്കാരുടെ രോഷം അകറ്റാനായി സർക്കാർ ഈ വർഷം പ്രവേശനം നേടുന്നവരുടെ ഉയർന്ന പ്രായപരിധിയിൽ ഒറ്റത്തവണ ഇളവ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് 21ൽനിന്ന് 23 ആയാണ് ഉയർത്തിയിരിക്കുന്നത്.

രാജ്യത്തെ ജനങ്ങളെ പരിഗണിക്കാതെയാണ് സർക്കാർ ഓരോരോ നിയമങ്ങൾ കൊണ്ടുവരുന്നത് എന്നത് വല്ലാതെ ആശങ്കയുളവാക്കുന്ന കാര്യമാണ്. ജനങ്ങൾക്ക് ഗുണകരമാണോ, അവർക്ക് പ്രയാസമുണ്ടാക്കുന്നതാണോ എന്നൊന്നും പരിഗണിക്കുന്നേയില്ല. പൗരത്വ ബിൽ, കാർഷിക ബിൽ പോലുള്ളവ ഉദാഹരണം. രാജ്യത്തെ തന്നെ വിലയ്ക്കു വാങ്ങാൻ ശേഷിയുള്ള കോർപ്പറേറ്റ് ഭീമൻമാർക്ക് വേണ്ടിയാണോ ഭരണകൂടം നിലനിൽക്കുന്നത് എന്ന് തോന്നിപ്പിക്കും വിധമാണ് സർക്കാറിന്റെ നീക്കങ്ങൾ. ജനങ്ങൾ അക്രമാസക്തരായി തെരുവിലിറങ്ങിയിട്ടും സർക്കാർ തീരുമാനവുമായി മുന്നോട്ടുപോകുകയാണ്. മറ്റെല്ലാ സമരങ്ങളെയും നേരിട്ടപോലെ ധിക്കാരപരമായാണ് ഇതിനെയും നേരിടുന്നത്.




# രോഗവും മരുന്നും 9




ഇമാം ഇബ്നൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്

**അല്ലാഹുവിനോട് നമുക്ക് എന്തെങ്കിലും ആവശ്യം ഉണർത്തിക്കുവാൻ ഉണ്ടെങ്കിൽ അവനോട് അനുസരണയുള്ളവരായിരുന്നാൽ മതി. നമ്മുടെ ആവശ്യങ്ങളെല്ലാം അല്ലുഹുവിനറിയാം. അതിനാൽ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും പാപമോചനം തേടുകയും സത്യസന്ധരായിക്കൊണ്ട് അവനെ അനുസരിച്ച് ജീവിക്കുകയും വേണം.**

കർമങ്ങളിലെ ബറകത്ത്: ബറകത്ത് ഇല്ലെങ്കിൽ എത്ര നല്ല കാര്യങ്ങൾ ചെയ്താലും ഒന്നിനും ഉദ്ദേശിച്ച ഫലസിദ്ധിയുണ്ടാകില്ല. അല്ലാഹുവിനോട് പാപമോചനം നടത്തി, അവനിലേക്ക് മടങ്ങുക. അത് മാത്രമാണ് ഏക പോംവഴി.

പാപങ്ങൾ ദീനിന്റെയും ദുൻയാവിന്റെയും ബറകത്ത് എടുത്തുകളയും. നമ്മുടെ പാപങ്ങൾ യോഗങ്ങളെയും കൂടിച്ചേരലുകളെയുംവരെ ബാധിക്കും. ഒരു അറിവിന്റെ സദസ്സിൽ രണ്ടുപേർക്കിടയിൽ പ്രശ്നമുണ്ടെങ്കിൽ അത് മറ്റുള്ളവരിലേക്ക് ബാധിക്കുകയും അത് ആ സദസ്സിന്റെ ബറകത്ത് എടുത്തുകളയുകയും ചെയ്യും.

ചില സ്ഥലങ്ങളിൽ നാം പ്രവേശിക്കുമ്പോൾ അവിടെ ശാന്തിയും സമാധാനവും അനുഭവപ്പെടുന്നതായി തോന്നാറില്ലേ? എന്നാൽ ചില സ്ഥലങ്ങളിൽ ഒരുതരം ഞെരുക്കം അനുഭവപ്പെടുന്നതായി തോന്നും. നമ്മുടെ ചിന്തകളും പ്രവൃത്തികളും ഒരു സ്ഥലത്തെപോലും സ്വാധീനിക്കും.

അല്ലാഹു പറയുന്നു: “അന്നാട്ടുകാർ വിശ്വസിക്കുകയും ഭക്തരാകുകയും ചെയ്തിരുന്നെങ്കിൽ നാമവർക്ക് വിണ്ണിൽനിന്നും മണ്ണിൽനിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. എന്നാൽ അവർ നിഷേധിച്ച് തള്ളിക്കളയുകയാണുണ്ടായത്. അതിനാൽ അവർ സമ്പാദിച്ചുവെച്ചതിന്റെ ഫലമായി നാം അവരെ പിടികൂടി” (അൽഅഅ്റാഫ് 96).

അല്ലാഹുവിനോട് നമുക്ക് എന്തെങ്കിലും ആവശ്യം ഉണർത്തിക്കുവാൻ ഉണ്ടെങ്കിൽ അവനോട് അനുസരണയുള്ളവരായിരുന്നാൽ മതി. നമ്മുടെ ആവശ്യങ്ങളെല്ലാം അല്ലുഹുവിനറിയാം. അതിനാൽ അവനിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും പാപമോചനം തേടുകയും സത്യസന്ധരായിക്കൊണ്ട് അവനെ അനുസരിച്ച് ജീവിക്കുകയും വേണം.

അല്ലാഹുവിലുള്ള ദൃഢ വിശ്വാസത്തിലും അവനിലുള്ള തൃപ്തിയിലും സമാധാനവും സൗഖ്യവും കണ്ടെത്താൻ സാധിക്കും. ചില സമയങ്ങളിൽ നമ്മൾ തൃപ്തരായിരിക്കും. പക്ഷേ, ദൃഢമായ വിശ്വാസം ലഭിക്കില്ല. എന്നാൽ ചില സമയങ്ങളിൽ നമുക്ക് ദൃഢമായ വിശ്വാസം ലഭിക്കും. എന്നാൽ തൃപ്തി ലഭിക്കില്ല. സംശയവും അതൃപ്തിയും സങ്കടവും ദുരിതവും വിളിച്ചുവരുത്തും. എപ്പോഴും പരാതിയും പരിഭവവും പറയുന്നവർ ഓർക്കുക; അതിന് കാരണം ജനങ്ങളല്ല. അവനവൻ തന്നെയാണ്. ഒരു പ്രശ്നത്തെ വളരെ വലിയ ബുദ്ധിമുട്ടായി പറഞ്ഞുനടക്കുന്നത് തന്റെ വിഷമാവസ്ഥയെ കൂടുതൽ ആഴത്തിലുള്ളതാക്കും.

നബി(സ്വ) അരുളി: “ജിബ്രീൽ എന്റെ നെഞ്ചിലേക്ക് ഊതിക്കൊണ്ട് എന്നിൽ തോന്നിപ്പിച്ചു: ഒരാൾ അയാളുടെമേൽ എഴുതപ്പെട്ട ഐഹിക വിഭവങ്ങൾ മുഴുവൻ ആസ്വദിക്കാതെ മരണപ്പെടില്ല. അതിനാൽ അല്ലാഹുവിൽ തക്വയുള്ളവരാവുക. അവനോട് ഏറ്റവും മികച്ച രീതിയിൽ ചോദിക്കുക. സൗഖ്യവും സമാധാനവും അവനിൽ ദൃഢവിശ്വാസവും തൃപ്തിയും ഉള്ളവർക്കാണ് ലഭിക്കുക. സംശയവും അതൃപ്തിയുമായി നടക്കുന്നവർക്ക് എന്നും ദുരിതവും വിഷമവും ആയിരിക്കും” (ഇബ്നുമാജ 2144).

എത്രകാലം ജീവിച്ചു എന്നതിലല്ല, ഉള്ളകാലം എത്ര നന്നായി ജീവിച്ചു എന്നതിലാണ് ബറകത്ത്. ഐഹിക വിഭവങ്ങളിലുള്ള ബറകത്ത് അളക്കുന്നതിന്റെ തോത് അതിന്റെ അളവിലല്ല, മികവിലാണ്.

**പാഠം 20**

**പാപങ്ങളുടെ ദുഷ്ഫലങ്ങൾ**

**36. തന്റെ പദവി താഴ്ത്തപ്പെടും**

ഇബ്ലീസ് സ്വർഗത്തിലെ ഉന്നതമായ സ്ഥാനത്ത് വസിച്ചിരുന്ന ആളായിരുന്നു. ആദം നബി(അ)യെ വണങ്ങുവാൻ കൽപിക്കപ്പെട്ടപ്പോൾ ഇബ്ലീസ് അഹംഭാവം നടിച്ചു. അതിനാൽ സ്വർഗത്തിൽനിന്നും താഴെയിറക്കപ്പെട്ടു. ഉന്നതനിലയിൽ എത്തുവാൻ ഒരാൾ കഠിന പ്രയത്നം നടത്തിയാലും സ്വന്തം പാപങ്ങൾ അയാളെ താഴെതട്ടിലേക്ക് ഇറക്കിക്കളയും.

അല്ലാഹു രണ്ടുതരം ശ്രേണികൾ ഉണ്ടാക്കി:

മികച്ച ശ്രേണി: ഇവരുടെ കർമങ്ങൾ ‘ഇല്ലിയ്യീനി’ൽ രേഖപ്പെടുത്തും. ഒരു അടിമ സൽകർമങ്ങളിൽ ഏർപ്പെടുമ്പോഴും സ്വന്തം ദേഹേച്ഛകളെ തരണം ചെയ്യുമ്പോഴുമാണ് അയാളുടെ പദവി ഉയർത്തപ്പെടുന്നത്.

താഴ്ന്ന ശ്രേണി: ഇവരുടെ കർമങ്ങൾ ‘സിജ്ജീനി’ൽ രേഖപ്പെടുത്തും.

**അല്ലാഹുവിലുള്ള ദൃഢ വിശ്വാസത്തിലും അവനിലുള്ള തൃപ്തിയിലും സമാധാനവും സൗഖ്യവും കണ്ടെത്താൻ സാധിക്കും. ചില സമയങ്ങളിൽ നമ്മൾ തൃപ്തരായിരിക്കും. പക്ഷേ, ദൃഢമായ വിശ്വാസം ലഭിക്കില്ല. എന്നാൽ ചില സമയങ്ങളിൽ നമുക്ക് ദൃഢമായ വിശ്വാസം ലഭിക്കും. എന്നാൽ തൃപ്തി ലഭിക്കില്ല. സംശയവും അതൃപ്തിയും സങ്കടവും ദുരിതവും വിളിച്ചുവരുത്തും. എപ്പോഴും പരാതിയും പരിഭവവും പറയുന്നവർ ഓർക്കുക; അതിന് കാരണം ജനങ്ങളല്ല. അവനവൻ തന്നെയാണ്. ഒരു പ്രശ്നത്തെ വളരെ വലിയ ബുദ്ധിമുട്ടായി പറഞ്ഞുനടക്കുന്നത് തന്റെ വിഷമാവസ്ഥയെ കൂടുതൽ ആഴത്തിലുള്ളതാക്കും.**

ഒരു അടിമ പാപങ്ങളിൽ ഏർപ്പെടുമ്പോൾ അയാളുടെ പദവി താഴ്ത്തപ്പെടും. അല്ലാഹു പറയുന്നു:

"തീർച്ചയായും, അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റവും ആദരണീയർ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാണ്" (ഹുജുറാത്ത് 13).

**37. പാപങ്ങൾ ഹൃദയത്തെ അന്ധമാക്കുന്നു**

ഹൃദയത്തിന് അന്ധത ബാധിച്ചാൽ സത്യം തിരിച്ചറിയാനും അത് അംഗീകരിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും സാധിക്കാതെ പോകും.

ഒരു മനുഷ്യനെ ഉത്തമനാക്കുന്നത് എന്താണ്?

സത്യമതം തിരിച്ചറിയുകയും അംഗീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് ഒരാൾക്ക് ഉത്തമമായ ജീവിതം കൈവരുന്നത്.

അറിവിന്റെയും കർമങ്ങളുടെയും അടിസ്ഥാനത്തിൽ ജനങ്ങളെ നാലായി തിരിക്കാം:

ഒന്നാമത്തെ വിഭാഗക്കാർ അറിവ് ലഭിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തവരാണ്. അല്ലാഹുവിന്റെ ദൂതന്മാർ ഈ ശ്രേണിയിൽ മുൻനിരയിൽ പെടുന്നു. തൊട്ടുപുറകിൽ സാക്ഷ്യത്തിന്റെ വാക്കുകളെ സ്വന്തം ജീവിതംകൊണ്ട് സത്യപ്പെടുത്തിയ സ്വിദ്ദീഖുകളാണ്.

അല്ലാഹു പറയുന്നു: "നമ്മുടെ ദാസന്മാരായ ഇബ്റാഹീം, ഇസ്ഹാക്, യഅ്ക്വൂബ് എന്നിവരെയും ഓർക്കുക. കൈക്കരുത്തും ദീർഘദൃഷ്ടിയും ഉള്ളവരായിരുന്നു അവർ" (സ്വാദ് 45).

കൈക്കരുത്ത് എന്നത് സത്യം നടപ്പിലാക്കുവാനും അല്ലാഹുവിന്റെ കൽപനകൾ പാലിച്ച് ജീവിക്കുവാനും ഉള്ള കരുത്താണ്. ദീർഘദൃഷ്ടി എന്നാൽ തെറ്റിൽനിന്നും വേർതിരിച്ച് സത്യത്തെ തിരിച്ചറിയുവാനുള്ള കഴിവാണ്. ഇബ്റാഹീം നബി(അ) സ്വന്തം ഭാര്യയെയും കുഞ്ഞിനെയും ഉപേക്ഷിക്കുവാൻ കൽപിക്കപ്പെട്ടു. അദ്ദേഹം ഉടൻ അത് അനുസരിക്കുകയും ചെയ്തു.

രണ്ടാമത്തെ വിഭാഗക്കാർ നേരെ വിപരീതമാണ്. അവർക്ക് അറിവു



**നേതാക്കളായ ആളുകൾ സത്യമാർഗം സ്വീകരിച്ചതുകൊണ്ടോ ക്ഷമ കൈക്കൊണ്ടതുകൊണ്ടോ മാത്രം അവർക്ക് സംതൃപ്തി വരില്ല. അവർ പരസ്പരം ഉപദേശിക്കുകയും സത്യത്തിൽ ഉറച്ചുനിൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഈ വിഭാഗത്തിൽ പെടാൻ നാമെല്ലാവരും പരിശ്രമിക്കണം. നമുക്ക് അതിന് സാധ്യമാകുന്നില്ലെങ്കിൽ, അറിവോ മനക്കരുത്തോ ലഭിക്കുന്നില്ലെങ്കിൽ നാം അല്ലാഹുവിനോട് പാപമോചനം തേടേണ്ടിയിരിക്കുന്നു. കാരണം നമ്മുടെ പാപങ്ങളാണ് അറിവിലേക്കും കരുത്താർജിക്കുന്നതിലേക്കുമുള്ള നമ്മുടെ മാർഗം തടസ്സപ്പെടുത്തുന്നത്.**

മില്ല, അല്ലാഹുവിന്റെ കൽപനകൾ പാലിക്കാനുള്ള കരുത്തുമില്ല. സൃഷ്ടികളിൽ അധികവും ഇങ്ങനെയുള്ളവരാണ്. ഒരാൾ ഇസ്ലാം നാമധാരിയായിരിക്കാം. പക്ഷേ, തന്റെ ദീനിനെക്കുറിച്ച് കൂടുതൽ അറിയുവാനോ പ്രവർത്തിക്കുവാനോ താൽപര്യമില്ല. ഇങ്ങനെയുള്ളവർ സമൂഹത്തിൽ കുഴപ്പക്കാരായി മാറുകയും ഇസ്ലാംമത വിശ്വാസത്തെക്കുറിച്ച് ഇവർ മുഖേന ജനങ്ങൾ തെറ്റിദ്ധാരണയിലാകുകയും ചെയ്യുന്നു.

മൂന്നാമത്തെ കൂട്ടർ, അവർ സത്യം എന്തെന്ന് ഉൾക്കാഴ്ചകൊണ്ട് തിരിച്ചറിഞ്ഞവരായിരിക്കും. പക്ഷേ, അതനുസരിച്ച് ജീവിക്കാനുള്ള കരുത്ത് അവർക്ക് ലഭിക്കുന്നില്ല. ദൃഢനിശ്ചയം അവർക്ക് സാധ്യമാകുന്നില്ല.

അബൂഹുറയ്റ(റ) നിവേദനം; നബി(സ്വ) അരുളി: "ബലഹീനനായ വിശ്വാസിയെക്കാളും അല്ലാഹുവിന് പ്രിയങ്കരൻ, കരുത്തനായ വിശ്വാസിയാണ്" (മുസ്ലിം 2664).

ഇവിടെ കരുത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം കായികശക്തിയല്ല. മറിച്ച് മനക്കരുത്താണ്.

നാലാമത്തെ കൂട്ടർ, അവർക്ക് കരുത്തും ദൃഢനിശ്ചയവുമൊക്കെയുണ്ട്. പക്ഷേ, ഉൾക്കാഴ്ചയും അറിവും കുറവാണ്. നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള കഴിവ് അവർക്കില്ല.

അല്ലാഹു പറയുന്നു: "അറിവുള്ളവനും അറിവില്ലാത്തവനും ഒരുപോലെയാകുമോ?" (അസ്സുമർ 9).

പ്രവർത്തിക്കുന്നവനും പ്രവർത്തിക്കാത്തവനും സമമാകുമോ എന്നല്ല അല്ലാഹു ചോദിക്കുന്നത്. അറിവിനാണ് അല്ലാഹു മുൻഗണന കൊടുത്തിരിക്കുന്നത്. അറിവിൽനിന്നാണ് എല്ലാ നന്മകളുടെയും തുടക്കം. ശരിയായ അറിവിന്റെ അഭാവം നമ്മെ അബദ്ധത്തിലേക്ക് നയിക്കും.

അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർ ആദ്യഗണത്തിൽ പെട്ടവരാണ്. മറ്റുള്ളവരെ സത്യത്തിലേക്ക് നയിക്കാൻ കഴിവുള്ളവർ. അറിവും കരുത്തുമുള്ളവർ. സ്വന്തം ജീവിതംകൊണ്ട് സാക്ഷ്യത്തിന്റെ വാക്കുകളെ സത്യപ്പെടുത്തിയവർ. അല്ലാഹു പറയുന്നു:

"അവർ ക്ഷമപാലിക്കുകയും നമ്മുടെ വചനങ്ങളിൽ അടിയുറച്ച് വിശ്വസിക്കുകയും ചെയ്തപ്പോൾ അവരിൽനിന്നും നമ്മുടെ കൽപനയനുസരിച്ച് നേർവഴി കാണിക്കുന്ന നേതാക്കന്മാരെ നാം ഉണ്ടാക്കി" (അസ്സജദ 24).

"കാലം സാക്ഷി, തീർച്ചയായും

**ഒരു പാപിയുടെമേൽ പിശാചിന് കൂടുതൽ സ്വാധീനം ലഭിക്കുന്നു. പിശാച് നമ്മുടെ ആജന്മ ശത്രുവാണ്. ആകയാൽ, നമ്മുടെ ശത്രുവിന് നമ്മുടെമേൽ അധികാരം നാം സ്വയം നൽകുന്നു. ചിലപ്പോൾ സ്വന്തം മനസ്സുതന്നെ നമ്മെ പാപങ്ങളിലേക്ക് പ്രേരിപ്പിക്കുന്നു. ഈ അവസ്ഥയെ പിശാചിനെക്കാൾ നാം ഭയക്കണം.**



മനുഷ്യരൊക്കെയും നഷ്ടത്തിലാണ്. സത്യവിശ്വാസം സ്വീകരിച്ചവരും സത്കർമങ്ങൾ പ്രവർത്തിച്ചവരും സത്യം സ്വീകരിക്കുവാനും ക്ഷമ പാലിക്കുവാനും പരസ്പരം ഉപദേശിച്ചവരുമൊഴികെ" (അൽഅസ്വ്ർ 1-3).

നേതാക്കളായ ആളുകൾ സത്യമാർഗം സ്വീകരിച്ചതുകൊണ്ടോ ക്ഷമ കൈക്കൊണ്ടതുകൊണ്ടോ മാത്രം അവർക്ക് സംതൃപ്തി വരില്ല. അവർ പരസ്പരം ഉപദേശിക്കുകയും സത്യത്തിൽ ഉറച്ചുനിൽക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഈ വിഭാഗത്തിൽ പെടാൻ നാമെല്ലാവരും പരിശ്രമിക്കണം. നമുക്ക് അതിന് സാധ്യമാകുന്നില്ലെങ്കിൽ, അറിവോ മനക്കരുത്തോ ലഭിക്കുന്നില്ലെങ്കിൽ നാം അല്ലാഹുവിനോട് പാപമോചനം തേടേണ്ടിയിരിക്കുന്നു. കാരണം നമ്മുടെ പാപങ്ങളാണ് അറിവിലേക്കും കരുത്താർജിക്കുന്നതിലേക്കുമുള്ള നമ്മുടെ മാർഗം തടസ്സപ്പെടുത്തുന്നത്.

**38. സ്വന്തം ശത്രുവിന്റെ സഹായകനായിത്തീരുന്നു**

ഒരു പാപിയുടെമേൽ പിശാചിന് കൂടുതൽ സ്വാധീനം ലഭിക്കുന്നു. പിശാച് നമ്മുടെ ആജന്മ ശത്രുവാണ്. ആകയാൽ, നമ്മുടെ ശത്രുവിന് നമ്മുടെമേൽ അധികാരം നാം സ്വയം നൽകുന്നു. ചിലപ്പോൾ സ്വന്തം മനസ്സുതന്നെ നമ്മെ പാപങ്ങളിലേക്ക് പ്രേരിപ്പിക്കുന്നു. ഈ അവസ്ഥയെ പിശാചിനെക്കാൾ നാം ഭയക്കണം. അല്ലാഹു പറയുന്നു:

"നിശ്ചയമായും മനുഷ്യമനസ്സ് തിന്മയ്ക്ക് പ്രേരിപ്പിക്കുന്നതാണ്. എന്റെ നാഥൻ കാരുണ്യം ചൊരിഞ്ഞവരുടേതൊഴികെ. നിശ്ചയം എന്റെ നാഥൻ ഏറെ പൊറുക്കുന്നവനും പരമ ദയാലുവുമാണ്" (യൂസുഫ് 53).

നമ്മുടെ മനസ്സിന്റെ തിന്മയിൽനിന്നും നമ്മെ കാക്കുന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. അല്ലാഹുവിന്റെ കാരുണ്യം ലഭിക്കണമെങ്കിൽ നിരന്തരം ഇസ്തിഗ്ഫാർ നടത്തുക.

**39. തന്നെത്തന്നെ സ്വയം മറന്നു പോകുക**

പാപങ്ങൾ ഒരാളെ സ്വയം മറക്കാൻ പ്രേരിപ്പിക്കുന്നു. അയാൾ സ്വന്തം കാര്യങ്ങൾ ശ്രദ്ധിക്കില്ല. സ്വയം നന്നാകാൻ ശ്രമിക്കില്ല. തന്നെ തന്നെ അവഗണിച്ച് കളയും. അത് സ്വന്തം മനസ്സിനെ ദുഷിപ്പിച്ച് ക്രമേണ നാശത്തിലേക്ക് പതിക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: "അല്ലാഹുവിനെ മറന്നതിനാൽ, സ്വയം വിസ്മൃതരാക്കി അല്ലാഹു മാറ്റിയ ജനങ്ങളെപോലെ ആകരുത് നിങ്ങൾ. അവർ തന്നെയാണ് ദുർമാർഗികൾ" (അൽഹശ്ർ 19).

എങ്ങനെയാണ് ഒരാൾ സ്വന്തം കൈകൾകൊണ്ട് നശിക്കപ്പെടുന്നത്? മയക്കുമരുന്നും പുകവലിയും തനിക്ക് കേടാണെന്ന് അയാൾക്കറിയാം. എങ്കിലും അത് ചെയ്യും. അവരുടെ പാപങ്ങൾ അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിൽനിന്ന് അവരെ തടയും.

(അവസാനിച്ചില്ല)

**മനുഷ്യജീവിതത്തിന് ഒരു താളപ്പൊരുത്തമുണ്ട്. സാമൂഹികജീവിയെന്ന നിലയിൽ അതിൻെറ ഉയർച്ച താഴ്ചകളുടെ ഗ്രാഫ് മറ്റുള്ളവരുടേതുമായി കൂട്ടിമുട്ടാതിരിക്കുമ്പോഴോ, കൂട്ടിമുട്ടിയാൽ പോലും വക്ക് പൊടിഞ്ഞ് ചോര കിനിയാതിരിക്കുകയോ ചെയ്യുമ്പോഴാണ് ലക്ഷ്യപ്രാപ്തി സാധ്യമാകുന്നത്. കേവലം വ്യക്തിയിലോ കുടുംബത്തിലോ സമൂഹത്തിലോ ഒതുങ്ങി നിൽക്കാതെ അതിർത്തികൾ ഉല്ലംഘിച്ച് ഈ ആശയം വികസിക്കുമ്പോൾ മാത്രമെ പൂർണതയിലെത്തിയെന്ന് അവകാശപ്പെടാനാവൂ.**

# നിലനിൽപിന്റെ പോരാട്ടവഴിയിൽ

**നബീൽ പയ്യോളി**
**:+966 55 771 0981**

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അറിഞ്ഞോ അറിയാതെയോ മറ്റുള്ളവരെ ആശ്രയിച്ച് കഴിയുന്നവരാണ് നാമെല്ലാവരും. അല്ലാഹു മാത്രമാണ് പരാശ്രയമുക്തൻ. സർവചരാചരങ്ങളും പരാശ്രയരാണ് എന്നത് ഏതൊരാളും അംഗീകരിക്കുന്ന യാഥാർഥ്യമാണ്. അതിന് മറ്റൊരുവശം കൂടിയുണ്ട്. നമ്മൾ ആശ്രയിച്ച് കഴിയുന്ന ഒന്നിന്റെ നാശം, അല്ലെങ്കിൽ അതിനെ ഇല്ലായ്മ ചെയ്യുന്നത് പ്രത്യക്ഷമായോ പരോക്ഷമായോ നമ്മുടെ പതനത്തിനുകൂടി കാരണമാവും. വായു, വെള്ളം, മറ്റു പ്രകൃതിവിഭവങ്ങൾ തുടങ്ങി പ്രപഞ്ചത്തിലെ എല്ലാറ്റിനും വരുന്ന ഉയർച്ചതാഴ്ചകൾ നമ്മെ ബാധിക്കുന്നു എന്ന യാഥാർഥ്യം തിരിച്ചറിയാതെ പോകരുത്.

നമുക്ക് ചുറ്റുമുള്ള നിരവധി ഉദാഹരണങ്ങൾ പാരസ്പര്യത്തിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നതാണ്. കേരളത്തിൽ രണ്ട് പ്രളയങ്ങൾ ഉണ്ടായപ്പോഴും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിലും ഇന്നിതാ അതിവേഗ റെയിൽപാതയുടെ പശ്ചാത്തലത്തിലും മലയാളികൾ പ്രകൃതിയുടെ നിലനിൽപ് നമ്മുടെ കൂടി നിലനിൽപിന്റെ ആവശ്യമാണെന്ന് ചർച്ചചെയ്യുകയാണ്.





**വിദ്വേഷ പ്രചാരണവും വിഭാഗീയ ശ്രമങ്ങളും**

സ്വാർഥ താൽപര്യങ്ങൾ മുൻനിർത്തി ജനങ്ങളെ ഭിന്നിപ്പിക്കുകയും നട്ടാൽ കരുക്കാത്ത നുണകൾ പ്രചരിപ്പിച്ച് വിഭാഗീയത ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ സത്യത്തിൽ അവരുടെ നിലനിൽപിനെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. ചരിത്രം അതാണ് നമ്മെ ഓർമപ്പെടുത്തുന്നത്. ഇരുട്ടിന്റെ ശക്തികൾ ഒളിപ്പോര് നടത്തി ഓരോ ഇരയെയും ഘട്ടം ഘട്ടമായി ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് പതിവ്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നാമത് കണ്ടതാണ്. എന്നാൽ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നീചകൃത്യത്തിന് മുമ്പിൽ ഐക്യത്തിന്റെ പ്രതിരോധം തീർത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളെ മുട്ടുകുത്തിച്ചു എന്നതല്ലേ നമ്മുടെ നാടിന്റെതന്നെ ചരിത്രം!

ഇത്തരം ദുശ്ശക്തികളാരും അജയ്യരും വിധിക്ക് അപ്രാപ്യരുമായിത്തീർന്നിട്ടില്ല. സംഘ്പരിവാരങ്ങളും അവരുടെ പുത്തൻകൂറ്റുകാരും ചേർന്ന് നടത്തുന്ന വിഷലിപ്തമായ പ്രചാരണങ്ങളെ ലോകം പുച്ഛത്തോടെ മാത്രമെ കാണുന്നുള്ളൂ. ഫാസിസം സ്വയം തീരുമാനിക്കുന്ന ശത്രുക്കളെ ഘട്ടം ഘട്ടമായി ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. അവർ നൽകുന്ന മോഹനവാഗ്ദാനങ്ങളും മറ്റും കണ്ണ് മഞ്ഞളിപ്പിക്കാതിരിക്കാൻ പക്വമതികൾക്ക് സാധ്യമാവണം. കൊലപാതകങ്ങളും കലാപശ്രമങ്ങളും കള്ളപ്രചാരണങ്ങളുമൊക്കെ ഒരേ ലക്ഷ്യത്തിലേക്കുള്ള വ്യത്യസ്ത നീക്കങ്ങൾ മാത്രമാണ്.

**പുരോഗതിയും സമാധാനവും**

പുരോഗതിയും സമാധാനവും പരസ്പരബന്ധിതമാണ്, സമാധാനാന്തരീക്ഷത്തിൽ മാത്രമാണ് പുരോഗതി സാധ്യമാവുക. കഴിഞ്ഞ ഏതാനും മാസങ്ങളായി കർണാടകയിൽ നടന്നുകൊണ്ടിരിക്കുന്ന വിദ്വേഷ പ്രചാരണങ്ങളും കലാപശ്രമങ്ങളും ആ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വലിയ വിഘാതം സൃഷ്ടിക്കുമെന്ന് അവിടുത്തെ വിദഗ്ധർ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. രാജ്യത്തെ ഐടി ഹബ്ബ് എന്ന നിലയിൽ ബംഗളൂരുവിലും അതിനോട് ചേർന്നുകിടക്കുന്ന നഗരങ്ങളിലും ഉണ്ടായ വികസനവും പുരോഗതിയും സംസ്ഥാനത്തിന് വലിയ മുതൽക്കൂട്ടായിരുന്നു. എന്നാൽ ഇന്ന് അസമാധാനാന്തരീക്ഷം സംരംഭകരെ കർണാടകയിൽനിന്നും മാറാനുള്ള മാനസികാവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു. തമിഴ്നാടിനെയാണ് പലരും ഇപ്പോൾ നല്ല ഓപ്ഷനായി കാണുന്നത്. ഇത് കേരളത്തിന് വലിയ പാഠമാണ്. സമാധാനാന്തരീക്ഷം തൊഴിലിനും ജീവിതത്തിനും തൊഴിൽ സംരംഭങ്ങൾക്കുമെല്ലാം പ്രധാനമാണ്. അസമാധാനം ഉള്ളിടത്തേക്ക് തലവച്ചുകൊടുക്കാൻ ആരും താല്പര്യപ്പെടുകയില്ല. അത് നമ്മുടെ നാടിന്റെ വികസനത്തെ കാര്യമായിത്തന്നെ ബാധിക്കും.

കാലം മാറിയത് അറിയാതെ പോകരുത്. അന്യവിദ്വേഷവും അനീതിയും അക്രമവുമൊക്കെ കൊണ്ടുനടക്കുന്നവരെ തൊഴിലിടങ്ങളിൽ ഉൾക്കൊള്ളാൻ തൊഴിൽദാതാക്കൾ തയ്യാറാവില്ല. മുമ്പൊക്കെ കലാലയങ്ങളിൽനിന്ന്

**സ്വാർഥ താൽപര്യങ്ങൾ മുൻനിറുത്തി ജനങ്ങളെ ഭിന്നിപ്പിക്കുകയും നട്ടാൽ കരുക്കാത്ത നുണകൾ പ്രചരിപ്പിച്ച് വിഭാഗീയത ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ സത്യത്തിൽ അവരുടെ നിലനിൽപിനെ തന്നെയാണ് ചോദ്യംചെയ്യുന്നത്. ചരിത്രം അതാണ് നമ്മെ ഓർമപ്പെടുത്തുന്നത്. ഇരുട്ടിന്റെ ശക്തികൾ ഒളിപ്പോര് നടത്തി ഓരോ ഇരയെയും ഘട്ടം ഘട്ടമായി ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് പതിവ്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നാമത് കണ്ടതാണ്. എന്നാൽ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നീചകൃത്യത്തിന് മുമ്പിൽ ഐക്യത്തിന്റെ പ്രതിരോധം തീർത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകളെ മുട്ടുകുത്തിച്ചു എന്നതല്ലേ നമ്മുടെ നാടിന്റെതന്നെ ചരിത്രം!**

ലഭിക്കുന്ന സ്വഭാവ സർട്ടിഫിക്കറ്റുകളാണ് തൊഴിൽ ലഭ്യമാക്കാൻ സഹായിച്ചിരുന്നതെങ്കിൽ ഇന്ന് തൊഴിൽദാതാക്കൾ തൊഴിലന്വേഷകന്റെ സാമൂഹ്യമാധ്യമങ്ങളിലെ പെരുമാറ്റമാണ് സ്വഭാവസർട്ടിഫിക്കറ്റായി പരിഗണിക്കുന്നത്. എത്ര പ്രാവീണ്യമുള്ള തൊഴിലാളിയാണെങ്കിലും സ്ഥാപനത്തിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയാൽ അയാളെ നിലനിർത്താതിരിക്കാനാണ് അധികാരികൾ ശ്രമിക്കാറുള്ളത്. ലോകരാജ്യങ്ങൾ മുഴുവൻ പൊതുവെ സ്വീകരിച്ചുവരുന്ന വഴിയാണിത്. അതുകൊണ്ട് ഇത്തരം തിന്മയുടെ വക്താക്കൾ സ്വയം നാശത്തിന്റെ കുഴിതോണ്ടുകയാണ് എന്നത് തിരിച്ചറിയുന്നതാവും നല്ലത്.

കേരളം പോലെ സമാധാനവും സഹവർത്തിത്വവും മാതൃകാപരമായി നിലനിക്കുന്നിടത്ത് വർഗീയ, വിഭാഗീയത ശ്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും നാടിന്റെയും ജനങ്ങളുടെയും സമാധാനവും സ്വൈര്യജീവിതവും പുരോഗതിയും ഉറപ്പുവരുത്തുകയും ചെയ്യുന്നതിൽ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവും എന്നതാണ് നമുക്ക് ചുറ്റുമുള്ള പല സംഭവങ്ങളും സൂചിപ്പിക്കുന്നത്.

**തൊഴിൽദാതാക്കളും തൊഴിലാളികളും**


തൊഴിലാളിസമരത്തെ തുടർന്ന് അടച്ചുപൂട്ടിയ സ്ഥാപനങ്ങളെക്കുറിച്ചുള്ള വാർത്തകൾ നമ്മൾ കുറെ കേട്ടതാണ്. തൊഴിൽദാതാവിന് എന്നതുപോലെ തൊഴിലാളികൾക്കും നഷ്ടമുണ്ടായി എന്നതല്ലേ യാഥാർഥ്യം? തൊഴിൽദാതാക്കൾ ഉണ്ടെങ്കിൽ മാത്രമെ തൊഴിലാളികളുടെ ആവശ്യമുള്ളൂ; തിരിച്ചും അങ്ങനെ തന്നെ. അതുകൊണ്ട് ക്രിയാത്മകമായ ബന്ധമാണ് അവർക്കിടയിൽ ഉണ്ടാവേണ്ടത്. രണ്ടും എല്ലാവരുടെയും നിലനിൽപിന് ആവശ്യമാണെന്നിരിക്കെ

**കേരളം പോലെ സമാധാനവും സഹവർത്തിത്വവും മാതൃകാപരമായി നിലനിക്കുന്നിടത്ത് വർഗീയ, വിഭാഗീയത ശ്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും നാടിന്റെയും ജനങ്ങളുടെയും സമാധാനവും സ്വൈര്യജീവിതവും പുരോഗതിയും ഉറപ്പുവരുത്തുകയും ചെയ്യുന്നതിൽ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന വീഴ്ച ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവും എന്നതാണ് നമുക്ക് ചുറ്റുമുള്ള പല സംഭവങ്ങളും സൂചിപ്പിക്കുന്നത്.**

ആരെയെങ്കിലും ശത്രുതാമനോഭാവത്തോടെ കാണുന്നതും കൈകാര്യം ചെയ്യുന്നതും ഒരിക്കലും ഗുണപരമല്ല. പാരസ്പര്യത്തിലൂന്നിയ ഇടപെടലുകളാണ് ഇരുകൂട്ടർക്കും ഗുണകരം. അത്തരം സംസ്കാരമുള്ളവർക്കേ വിജയിക്കാൻ സാധിക്കുകയുള്ളൂ.

തൊഴിലാളികളെ സ്വന്തം സഹോദരങ്ങളെപോലെ കാണുകയും അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്ന ധാരാളം സ്ഥാപനങ്ങൾ നിലവിലുണ്ട്. ഇരുകൂട്ടർക്കും അതിൽനിന്ന് സാമ്പത്തികമായും മറ്റും മെച്ചവുമുണ്ട് എന്നതുകൂടി നാം കാണുന്നു. സ്ഥാപനത്തിന്റെ വളർച്ച തന്റെ കൂടി അഭിവൃദ്ധിക്ക് കാരണമാവും എന്ന് തിരിച്ചറിയുന്ന തൊഴിലാളികളുണ്ടെങ്കിൽ വിജയിക്കാൻ സാധിക്കും. പരസ്പര വിശ്വാസവും തന്നെപോലെ അപരനും നേട്ടമുണ്ടാവണം എന്ന മാനസികാവസ്ഥയും അനിവാര്യമാണ്.

നമ്മുടെ നാട്ടിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്തരവാദിത്തമില്ലായ്മയുടെ ദുരന്തങ്ങൾ അനുഭവിച്ചുകൊണ്ടിരി






ക്കുകയാണ്. ഭരണകർത്താക്കളും തൊഴിലാളികളും പരസ്പരം കാത്തുസൂക്ഷിക്കേണ്ട ബന്ധവും ഉത്തരവാദിത്തബോധവും ഇല്ലാതാകുന്നത് പൊതുജനങ്ങളുടെ പണം അന്യാധീനപ്പെടാനും കൊള്ളയടിക്കപ്പെടാനും കാരണമാവുന്നു. യാത്ര സൗകര്യപ്രദമാവാൻ വാങ്ങിയ ബസുകൾ ക്ലാസ്സ്മുറികളാക്കാനുള്ള തീരുമാനം ഈ ദുരന്തങ്ങളിൽപെടുന്ന ഒന്നാണ്. കോടികൾ നഷ്ടപ്പെടുത്തിയവർ ആര്? ഇതൊക്കെ നികുതി ഭാരമായി പോതുജനങ്ങളിലേക്കുതന്നെ തിരിച്ചെത്തുന്നു; പലിശയടക്കം!

**അഴിമതി**

അഴിമതി പിരിച്ചെഴുതിയാൽ 'അഴി,' 'മതി' എന്നീ രണ്ട് വാക്കുകൾ കിട്ടും. അഴിക്കുള്ളിലേക്ക് പോകാൻ സാധ്യതയുണ്ടെന്ന് അറിഞ്ഞുകൊണ്ട് തന്നെയാണ് ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ വഹിക്കുന്നവർ അഴിമതി നടത്തുന്നത്. കനപ്പെട്ട തുക ശമ്പളമായി വാങ്ങുന്നവർതന്നെയാണ് കൈക്കൂലി വാങ്ങി തങ്ങളുടെ ധനാർത്തി പ്രകടിപ്പിക്കുന്നത്. പിടിക്കപ്പെട്ടാൽ സസ്പെൻഷനും അഭിമാന നഷ്ടവുമൊക്കെ സംഭവിക്കുമെങ്കിലും അതിമോഹം തെറ്റുചെയ്യാൻ പ്രേരിപ്പിക്കുന്നു. പിടിക്കപ്പെട്ടാൽതന്നെ ഏതാനും മാസത്തെ സസ്പെൻഷൻ, അല്ലെങ്കിൽ സ്ഥലം മാറ്റം. അത്രയേയുള്ളൂ. അതും ഇവർക്ക് ധൈര്യം നൽകുന്നു. എങ്ങനെയും പണം സമ്പാദിക്കണം; മറ്റുള്ളവരെ പ്രയാസപ്പെടുത്തിയാണെങ്കിൽ പോലും! സഹജീവികളോട് പുലർത്തേണ്ട അടിസ്ഥാനപരമായ കടമകളുടെ തമസ്കരണം കൂടി

**നമ്മുടെ നാട്ടിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ഉത്തരവാദിത്തമില്ലായ്മയുടെ ദുരന്തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഭരണകർത്താക്കളും തൊഴിലാളികളും പരസ്പരം കാത്തുസൂക്ഷിക്കേണ്ട ബന്ധവും ഉത്തരവാദിത്തബോധവും ഇല്ലാതാകുന്നത് പൊതുജനങ്ങളുടെ പണം അന്യാധീനപ്പെടാനും കൊള്ളയടിക്കപ്പെടാനും കാരണമാവുന്നു. യാത്ര സൗകര്യപ്രദമാവാൻ വാങ്ങിയ ബസുകൾ ക്ലാസ്സ്മുറികളാക്കാനുള്ള തീരുമാനം ഈ ദുരന്തങ്ങളിൽപെടുന്ന ഒന്നാണ്. കോടികൾ നഷ്ടപ്പെടുത്തിയവർ ആര്? ഇതൊക്കെ നികുതി ഭാരമായി പോതുജനങ്ങളിലേക്കുതന്നെ തിരിച്ചെത്തുന്നു; പലിശയടക്കം!**

യാണ് ഇത്തരം കുറ്റകൃത്യങ്ങളിലൂടെ സംഭവിക്കുന്നത്.

**സാമ്പത്തിക അസന്തുലിതാവസ്ഥ**

പണം എന്നത് ജീവിക്കാൻ അനിവാര്യമായ ഘടകമാണ്. എന്നാൽ സാമ്പത്തിക ഞെരുക്കം വരുമ്പോൾ എങ്ങനെയെങ്കിലും അത് ഉണ്ടാക്കുവാൻ അനീതിയും അക്രമവും മറ്റു പൈശാചിക രീതികളും സ്വീകരിക്കുന്നത് ശരിയല്ല. കൊലപാതകം, കവർച്ച, മദ്യം, മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കളുടെ കച്ചവടം, ലോട്ടറി വിൽപന, ഗുണ്ടാപിരിവ്, തട്ടിപ്പ്, കള്ളക്കടത്ത്, മണിചെയിൻ തട്ടിപ്പ് തുടങ്ങി നിരവധി കുറുക്കുവഴികൾ ആളുകൾ പണമുണ്ടാക്കുവാൻ സ്വീകരിക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ ബാക്കി പത്രം എന്നനിലയിൽ ഇതിൽ വർധനവുണ്ടായതാണ് കാണുന്നത്. നമ്മുടെ യുവസമൂഹത്തെയാണ് ഇത് വല്ലാതെ കാർന്നുതിന്നുന്നത്. അമ്പരപ്പിക്കുംവിധമാണ് തിന്മയുടെ വഴിയിലേക്ക് നാട് നീങ്ങുന്നത്.

കേരളത്തിൽ വ്യാപകമല്ലായിരുന്ന, അന്യനാട്ടിലല്ലേ എന്ന് നാം സമാധാനിച്ചിരുന്ന പലതും ഇന്ന് നമ്മുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്നു. പൗരന്റെ സ്വൈര്യ

ജീവിതവും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിൽ ഭരണാധികാരികൾ കാണിച്ച അമാന്തമാണ് ഈ സാഹചര്യങ്ങൾക്ക് കാരണം. സാമ്പത്തിക അസന്തുലിതാവസ്ഥ അക്രമത്തിന് കാരണമാവും എന്നത് ഒരു യാഥാർഥ്യമാണ്. സമ്പത്ത് ധനികരിൽ കുന്നുകൂടുകയും നിത്യവൃത്തിക്ക് പോലും പണമില്ലാതെ സാധാരണ ജനങ്ങൾ വലയുകയും ചെയ്യുന്നത് അരാജകത്വം സൃഷ്ടിക്കും. സന്തുലിത സാമ്പത്തികനയങ്ങളും സാധാരണക്കാരനെ കൈപിടിച്ചുയർത്താനുതകുന്ന സേവനപദ്ധതികളുമാണ് നാടിന്റെ പുരോഗതിക്ക് അനുഗുണം. പാവങ്ങളെ കൂടി ചേർത്തുനിർത്തിയാൽ മാത്രമെ നാടിന്റെ പുരോഗതി സാധ്യമാവൂ. ലോകരാഷ്ട്രത്തലവന്മാർ വരുമ്പോൾ മതിൽകെട്ടിയും വൻമറകൾ തീർത്തും നാടിന്റെ ശോച്യാവസ്ഥ മറച്ചുവയ്ക്കുന്നതും കൃത്രിമ പുരോഗതി പ്രദർശിപ്പിക്കുന്നതും തികഞ്ഞ അശ്ളീലമാണ്. പാവങ്ങളെ കാണാത്ത രീതിയിലാവരുത് ഒരു വികസന പദ്ധതിയും. കിടപ്പാടവും തൊഴിലും ഉറപ്പുവരുത്തിയ ശേഷമെ കുടിയിറക്കലും അതിവേഗ പാതകൾ നിർമിക്കലുമൊക്കെ ആകാവൂ.

**കേരളത്തിൽ വ്യാപകമല്ലായിരുന്ന, അന്യനാട്ടിലല്ലേ എന്ന് നാം സമാധാനിച്ചിരുന്ന പലതും ഇന്ന് നമ്മുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്നു. പൗരന്റെ സ്വൈര്യജീവിതവും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിൽ ഭരണാധികാരികൾ കാണിച്ച അമാന്തമാണ് ഈ സാഹചര്യങ്ങൾക്ക് കാരണം. സാമ്പത്തിക അസന്തുലിതാവസ്ഥ അക്രമത്തിന് കാരണമാവും എന്നത് ഒരു യാഥാർഥ്യമാണ്. സമ്പത്ത് ധനികരിൽ കുന്നുകൂടുകയും നിത്യവൃത്തിക്ക് പോലും പണമില്ലാതെ സാധാരണ ജനങ്ങൾ വലയുകയും ചെയ്യുന്നത് അരാജകത്വം സൃഷ്ടിക്കും.**

### വീർപ്പുമുട്ടിക്കുന്ന വിലക്കയറ്റം

കോവിഡ് മഹാമാരിയുടെ ശാരീരിക പ്രയാസങ്ങൾ രോഗം വന്നുപോയവരിൽ പലരും ഇപ്പോഴും അനുഭവിക്കുന്നുണ്ട്. അതുപോലെ തന്നെയാണ് അതുണ്ടാക്കിയ സാമ്പത്തിക പ്രത്യാഘാതങ്ങളും. അതിരൂക്ഷമായ വിലക്കയറ്റമാണ് നമ്മുടെ രാജ്യത്തടക്കം ഉള്ളത്. കൂടെ റഷ്യയുടെ ഉക്രൈൻ അധിനിവേശം കൂടിയായപ്പോൾ അതിന്റെ തോത് വർധിച്ചു. ചൈനയിൽ കഴിഞ്ഞ രണ്ടുമാസമായി വ്യവസായ നഗരമായ ഷാംഗ്ഹായി അടഞ്ഞുകിടക്കുകയാണ്. ഇതൊക്കെ ലോകരാജ്യങ്ങളിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെയും ഉത്പാദനത്തെയുമൊക്കെ കാര്യമായിത്തന്നെ ബാധിച്ചിട്ടുണ്ട്.



കോവിഡിന് ശേഷം വിപണി തുറന്നപ്പോൾ ആവശ്യത്തിനുസരിച്ച് സാധനങ്ങൾ ലഭ്യമല്ലാത്തതുകൊണ്ട് തന്നെ കൂടുതൽ വില നൽകുന്നവർക്ക് വിൽപന നടത്തുന്നതും ചരക്കുനീക്കം താറുമാറായതുമെല്ലാം വിപണിയിലെ വിലക്കയറ്റത്തിന് കാരണമാണ് എന്നതാണ് യാഥാർഥ്യം.

രാജ്യത്തെ പ്രകമ്പനംകൊള്ളിച്ച കർഷക സമരത്തിന്റെ ബാക്കിപത്രം എന്ന നിലയിൽ ഭക്ഷ്യോത്പാദനം കുറഞ്ഞത് രാജ്യത്ത് ഭക്ഷ്യ ദൗർലഭ്യവും വിലക്കയറ്റവും ഉണ്ടാവാൻ കാരണമായി. കഴിഞ്ഞ ദിവസമാണ് കേന്ദ്രസർക്കാർ ഗോതമ്പ് കയറ്റുമതി തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുക, ജനങ്ങളുടെ കയ്യിൽ പണം നേരിട്ട് നൽകി വാങ്ങൽ ശേഷിയുണ്ടാക്കുക, ഉത്പാദനം പ്രോത്സാഹിപ്പിക്കാനും വിപണിയിൽ അനാരോഗ്യ മത്സരങ്ങൾ ഇല്ലാതാക്കാനും ഇടപെടുക എന്നിവയാണ് കോവിഡാനന്തരം സർക്കാരുകൾ ചെയ്യേണ്ടിയിരുന്നത്. ഇന്ത്യൻ കറൻസിയുടെ വിപണിമൂല്യം സർവകാല റെക്കോഡ് തകർച്ചയിലാണ്. ഇത് കാര്യങ്ങൾ കൂടുതൽ ഗുരുതരമാക്കും. പെട്രോളിയം ഉത്പന്നങ്ങളുടെയും പാചകവാതകത്തിന്റെയുമൊക്കെ വിലവർധിപ്പിച്ചും പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവത്കരിച്ചും ഈ പ്രതിസന്ധിക്ക് പരിഹാരം എന്ന നിലയിൽ ജനങ്ങളുടെ തലയിൽ ഭാരം ഏൽപിച്ച് കുറുക്കുവഴികൾ



തേടുകയാണ് കേന്ദ്രസർക്കാർചെയ്യുന്നത്.

ലോകം മുഴുവൻ വിലക്കയറ്റത്തിൽ വീർപ്പുമുട്ടുകയാണ്. ശ്രീലങ്കയെപ്പോലെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ലോകത്ത് മറ്റുചില രാജ്യങ്ങളിലും ഉണ്ടെന്നതാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ലോകം ഇന്ന് കടന്നുപോകുന്ന പ്രതിസന്ധികളെ അവധാനതയോടെ നോക്കിക്കണ്ട് ഗുരുതരമായ പ്രതിസന്ധികളിലേക്ക് കാര്യങ്ങൾ എത്താതിരിക്കാനുള്ള ജാഗ്രത സർക്കാരുകൾ കാണിക്കേണ്ടതുണ്ട്. കടമെടുപ്പും ധൂർത്തും അഴിമതിയുമെല്ലാം തുടർന്നാൽ നമ്മുടെ നാടും വലിയ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തും. അതിന്റെ ഭാരം പൊതുജനങ്ങൾ തന്നെ അനുഭവിക്കേണ്ടി വരും. ശക്തമായ ബോധവൽക്കരണവും ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കുന്ന ജനാധിപത്യ ഇടപെടലുകളും ഉണ്ടായെങ്കിലേ നമ്മുടെ കഞ്ഞികുടി മുട്ടാതിരിക്കൂ. അനിയന്ത്രിതമായ വിലക്കയറ്റവും പണപ്പെരുപ്പവുമെല്ലാം നമ്മുടെ നടുവൊടിക്കുമെന്നത് തീർച്ച. പരസ്പരം കൈകൾ ചേർത്തുപിടിച്ച് നാടിന്റെ പൊതുനന്മകളിൽ ഉണ്ടാവുക എന്ന പാരസ്പര്യ ബോധം ഉണ്ടായെങ്കിലെ ഇതൊക്കെ സാധ്യമാവൂ. ഇല്ലെങ്കിൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങളും ദുരന്തങ്ങളും നാടൊന്നാകെ അനുഭവിക്കേണ്ടി വരും.

**അനാരോഗ്യ ഭക്ഷണശാലകൾ**

വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളവർക്കറിയാം അവിടങ്ങളിലെ ഭക്ഷണശാലകളും ഭക്ഷണം പാകം ചെയ്യുന്ന ഇടങ്ങളും എന്തുമാത്രം വൃത്തിയുള്ളതാണെന്ന്. കസ്റ്റമർക്ക് കാണാവുന്ന രീതിയിൽ തന്നെ ഭക്ഷണം പാകം ചെയ്യുന്ന രീതിയാണ് മിക്കവാറും വിദേശ രാജ്യങ്ങളിൽ കണ്ടുവരുന്നത്. വിശന്ന് തങ്ങളുടെ അടുത്ത് വരുന്നവർക്ക് നല്ല ഭക്ഷണം നൽകാൻ സാധിക്കുക എന്നത് സന്മനസ്സുകളുടെ രീതിയാണ്. എന്നാൽ നമ്മുടെ നാട്ടിലെ അവസ്ഥയോ? ഭക്ഷ്യവിഷബാധ തുടർച്ചയായി സംഭവിക്കുന്നു. കച്ചവടക്കാരും വിതരണക്കാരും സർക്കാരും കാണിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ജീവൻ നിലനിർത്താൻ കഴിക്കുന്ന ഭക്ഷണം മരണത്തിന് കാരണമാകുംവിധം വിഷമയമാവുന്നത് എന്തുമാത്രം അക്രമമാണ്! അപകടങ്ങൾ നടക്കുമ്പോൾ സർക്കാർ ഒന്നുണരും. റെയ്ഡും അന്വേഷണവും നടത്തും. അതോടെ എല്ലാം കഴിഞ്ഞു. പിന്നെ അടുത്ത അപകടം നടക്കുന്നതുവരെ ഉറങ്ങും.

**ലോകം മുഴുവൻ വിലക്കയറ്റത്തിൽ വീർപ്പുമുട്ടുകയാണ്. ശ്രീലങ്കയെപ്പോലെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ലോകത്ത് മറ്റുചില രാജ്യങ്ങളിലും ഉണ്ടെന്നതാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ലോകം ഇന്ന് കടന്നുപോകുന്ന പ്രതിസന്ധികളെ അവധാനതയോടെ നോക്കിക്കണ്ട് ഗുരുതരമായ പ്രതിസന്ധികളിലേക്ക് കാര്യങ്ങൾ എത്താതിരിക്കാനുള്ള ജാഗ്രത സർക്കാരുകൾ കാണിക്കേണ്ടതുണ്ട്. കടമെടുപ്പും ധൂർത്തും അഴിമതിയുമെല്ലാം തുടർന്നാൽ നമ്മുടെ നാടും വലിയ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തും. അതിന്റെ ഭാരം പൊതുജനങ്ങൾ തന്നെ അനുഭവിക്കേണ്ടി വരും. ശക്തമായ ബോധവൽക്കരണവും ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കുന്ന ജനാധിപത്യ ഇടപെടലുകളും ഉണ്ടായെങ്കിലേ നമ്മുടെ കഞ്ഞികുടി മുട്ടാതിരിക്കൂ.**

പൊതുജനങ്ങൾ ഉണർന്നേമതിയാകൂ. നല്ല ഭക്ഷണം ലഭ്യമാക്കാനും വൃത്തിഹീനമായ സാഹചര്യങ്ങളിൽ ഭക്ഷ്യസാധനങ്ങൾ പാകംചെയ്യുന്നതും വിൽക്കുന്നതും ഇല്ലാതാക്കാനും ജനങ്ങളും തദ്ദേശ ഭരണസംവിധാനവും പരിശ്രമിക്കണം. ആർക്കും കയറാനും കാണാനും പാടില്ലാത്ത ഇരുമ്പറകളാവരുത് പാചകമുറികൾ. ആർക്കും എപ്പോൾ വന്ന് കാണാനും തൃപ്തിയോടെ മനസ്സും വയറും നിറക്കാനും ഉതകുന്ന സാഹചര്യത്തിലേക്ക് നമ്മുടെ ഭക്ഷണശാലകൾ മാറണം. സ്വന്തം ആരോഗ്യത്തിനെന്ന പോലെത്തന്നെ മറ്റുള്ളവരുടെ ആരോഗ്യത്തിനും വിലകൽപിക്കാൻ കച്ചവടക്കാർ തയ്യാറാവണം. അഴിമതിയും ചതിയും കൃതിമത്വവുമെല്ലാം സമ്പത്തിനെ മലീമസമാക്കുമെന്ന് തിരിച്ചറിയുക കൂടി വേണം.

മനുഷ്യർ എന്ന നിലയിൽ നമ്മൾ ഭാഷ, വേഷ, വർഗ, വർണ, രൂപങ്ങൾക്കതീതമായി കോർത്തിണക്കപ്പെട്ട ഒരു കണ്ണിയാണ്. എവിടെയെങ്കിലും ബാധിക്കുന്ന പ്രതിസന്ധികളുടെ അലയൊലികൾ ഇന്നല്ലെങ്കിൽ നാളെ നമ്മെയും തേടിയെത്തും. വെറുപ്പും വിദ്വേഷവും അപരവൽക്കരണവും ഹിംസാത്മകമായ സമീപനങ്ങളുമൊക്കെ നമ്മുടെകൂടി നാശത്തിന്റെ ഹേതുവാകും. അവൻ എന്തെങ്കിലും ആവട്ടെ എനിക്കെന്ത് എന്ന നിലപാട് പലപ്പോഴും നമ്മെ തേടിയെത്തുന്ന ദുരന്തങ്ങളിൽ ഒറ്റപ്പെടാൻ കാരണമാകമെന്നതിൽ സംശയമില്ല. യാതൊരുവിധ തിന്മയ്ക്കും അറിഞ്ഞോ അറിയാതെയോ നമ്മുടെ പിന്തുണയുണ്ടാകാവതല്ല. പക്വമായും ചേർന്നുനിന്നും ചേർത്തുനിർത്തിയും തിന്മക്കെതിരെ പോരാടുക, വെളിച്ചത്തിന്റെ പ്രസരണ കേന്ദ്രമായി നമ്മുടെ മനസ്സും നിലപാടുകളും മാറട്ടെ. ■



# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963



**മയ്മൂന ബിൻത് അൽഹാരിഥ്(റ)**

നബി(സ്വ)യുടെ അവസാനത്തെ വിവാഹമായിരുന്നു ഇത്. ഹിജ്റ ഏഴാം വർഷത്തിലാണ് ഇത് നടന്നത്. അന്ന് അവർക്ക് അമ്പത് വയസ്സ് പ്രായമുണ്ടായിരുന്നു. അബ്ബാസി(റ)ന്റെ ഭാര്യയായിരുന്ന ഉമ്മുൽ ഫദ്‌ലി(റ)ന്റെ സഹോദരിയാണ് മയ്മൂന(റ). അക്കാലത്ത് വലിയ സ്ഥാനവും തറവാടിത്തവും എല്ലാമുള്ള ഒരു കുടുംബത്തിലായിരുന്നു അവരുടെ വളർച്ച. ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പ് മസ്ഊദ് എന്നൊരാൾ അവരെ വിവാഹം ചെയ്തിരുന്നതായി ചരിത്രം പറയുന്നു.

സഹോദരിയുടെ വീട് മതപഠനം നടക്കുന്ന സ്ഥലമാണ്. അവിടെവച്ച് മയ്മൂന(റ) നബി(സ്വ)യെ സംബന്ധിച്ചും അവിടുത്തേക്ക് ലഭിച്ച നേട്ടങ്ങളെ പറ്റിയുമെല്ലാം കേട്ടു. പല സംഭവങ്ങളും കേട്ടപ്പോൾ ഇസ്‌ലാമിലേക്ക് അടുപ്പം ലഭിക്കാൻ തുടങ്ങി. അങ്ങനെ ഭർത്താവ് അറിയാതെ മാനസികമായി മഹതി മുസ്‌ലിമായിട്ടുണ്ടായിരുന്നു. ഖയ്ബറിൽ മുസ്‌ലിംകൾ ജയിച്ചതിന്റെ സന്തോഷത്തിൽ ഭർത്താവിന്റെ അടുത്ത് ചെന്നപ്പോൾ അദ്ദേഹം ദുഃഖിതനായി ഇരിക്കുന്നതാണ് കാണുന്നത്. മുസ്‌ലിംകൾക്ക് വിജയം ലഭിച്ചതിലാണ് അയാളുടെ ദുഃഖം. ഖയ്ബറിലെ മുസ്‌ലിംകളുടെ വിജയത്തെ പറ്റി ഭർത്താവിനോട് പറഞ്ഞപ്പോൾ അയാൾക്കത് പിടിച്ചില്ല. അങ്ങോട്ടും ഇങ്ങോട്ടും സംസാരമായി. അങ്ങനെ ആ ബന്ധം മുറിഞ്ഞു.

തുണയില്ലാതെ, വിശ്വാസം പുറത്തറിയിക്കാതെ കുറെ നാൾ ഇരുന്നു. ഹിജ്റ ഏഴിന് മുസ്‌ലിംകൾ മക്കയിലേക്ക് ഉംറ നിർവഹിക്കാൻ വരുന്നുണ്ടെന്ന വിവരം മഹതിക്ക് കിട്ടി. അങ്ങനെ മുസ്‌ലിംകളുടെ കൂടെ ഉംറ ചെയ്യാൻ അവർ തീരുമാനിച്ചു. ആ സന്ദർഭത്തിലാണ് നബി(സ്വ)യുമായുള്ള വിവാഹാലോചന മയ്മൂന(റ)ക്ക് വരുന്നത്. നബി(സ്വ)യെ ഭർത്താവായി ലഭിച്ചിരുന്നെങ്കിൽ എന്ന് കൊതിച്ചവരായിരുന്നു അവർ. ആശിച്ചത് തന്നെ ലഭിച്ചു. ഉംറ നിർവഹിച്ച് മടങ്ങുമ്പോഴാണ് ഈ വിവാഹം നടക്കുന്നത്.

ഈ വിവാഹത്തിലൂടെ മയ്മൂന(റ)യുടെ കുടുംബത്തിന് വലിയ പ്രയോജനമുണ്ടായി എന്ന് ചരിത്രത്തിൽ കാണാം. ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന ഒരു കുടുംബമായിരുന്നു മയ്മൂന(റ)യുടെത്. പട്ടിണികൊണ്ട് പൊറുതിമുട്ടിയ അവരുടെ കുടുംബത്തിന് വലിയ പ്രതീക്ഷക്ക് നബി(സ്വ)യുമായുള്ള വിവാഹം കാരണമായി എന്ന് കാണാം. അതുപോലെ അവരുടെ ഗോത്രത്തിന് ഇസ്‌ലാമിനെ കുറിച്ചുള്ള ഭയം നീങ്ങിപ്പോകാനും ഈ വിവാഹം കാരണമായി.

നബി(സ്വ)യുടെ കാലശേഷവും അരനൂറ്റാണ്ടോളം മഹതി ജീവിച്ചിരുന്നു. ഞാൻ മരിച്ചാൽ ഞാനും നബി(സ്വ)യും ആദ്യമായി വീടുകൂടൽ നടന്ന സ്ഥലത്തായിരിക്കണം മറവുചെയ്യേണ്ടത് എന്ന് അവർ വസ്വിയ്യത്ത് ചെയ്തതായി കാണാം. നബി(സ്വ)യുമൊത്തുള്ള ജീവിതത്തിന്റെ സംതൃപ്തിയും ആനന്ദവുമാണ് അത് അറിയിക്കുന്നത്. മരണപ്പെട്ടപ്പോൾ അങ്ങനെ തന്നെ ക്വബ്റടക്കുകയും ചെയ്തു.

നബി(സ്വ)യുടെ ഈ വിവാഹങ്ങൾ ഒന്നുംതന്നെ ഒരു ദാമ്പത്യസുഖം മുന്നിൽ കണ്ട് നടത്തിയവയായിരുന്നില്ല എന്നത് പകൽ വെളിച്ചം പോലെ ആർക്കും ബോധ്യമാകുന്നതാണ്. മാത്രമല്ല, ക്വുർആനിന്റെ ഏതെങ്കിലും കൽപനക്കോ നിയമനിർദേശങ്ങൾക്കോ അവിടുന്ന് എതിര് നിൽക്കുകയും ചെയ്തിട്ടില്ല എന്നതും വ്യക്തമാണ്. തനിക്ക് പ്രത്യേക അനുമതി ലഭിച്ചത് മാത്രമെ അവിടുന്ന് ചെയ്തിട്ടുള്ളൂ.

നബി(സ്വ) തന്റെ ഈ ഭാര്യമാരുടെ കൂടെ ഏറ്റവും നല്ല രൂപത്തിൽ ജീവിച്ചു. ഭർത്താവിന് ഭാര്യമാരെ പറ്റിയോ ഭാര്യമാർക്ക് ഭർത്താവിനെ പറ്റിയോ ലവലേശം മറുത്ത് പറയാനില്ലായിരുന്നു. പറഞ്ഞിട്ടുമില്ല. മാത്രമല്ല അവിടുന്ന് ജനങ്ങളോട് പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമർ നിങ്ങളുടെ കുടുംബത്തോട് നല്ല രൂപത്തിൽ വർത്തിക്കുന്നവരാകുന്നു. എന്റെ കുടുംബത്തോട് നിങ്ങളെക്കാൾ നന്നായി വർത്തിക്കുന്നവനാകുന്നു ഞാൻ."

നബി(സ്വ)യുടെ വിവാഹത്തെ സംബന്ധിച്ച് പറയുന്ന കൂട്ടത്തിൽ അതോടനുബന്ധമായി മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ കൂടി നാം ഗ്രഹിക്കേണ്ടതുണ്ട്. നബി(സ്വ)യുടെ ഭാര്യമാരിൽ പെട്ട ഒരാൾ തന്നെയായിരുന്നു മാരിയത്തുൽ ക്വിബ്ത്വിയ്യ(റ).

നബി(സ്വ) ഇസ്‌ലാമിക പ്രബോധനത്തിന്റെ ഭാഗമായി വിവിധ രാജ്യങ്ങളിലെ രാജാക്കന്മാർക്ക് കത്തുകൾ അയക്കാറുണ്ടായിരുന്നു. അക്കൂട്ടത്തിൽ അന്ന് ഈജിപ്ത് ഭരിച്ചിരുന്ന മുക്വൗകിസ് രാജാവിനും ഒരു കത്തെഴുതി. കത്തുമായി ഹാത്വിബ് ഇബ്നു അബീബൽതഅ (റ) അവിടേക്ക് പോയി. കത്ത് കൈപ്പറ്റിയ രാജാവ് ഇസ്‌ലാം സ്വീകരിച്ചില്ലെങ്കിലും എതിർപ്പ് കൂടാതെ അനുകൂലമായ ഒരു മറുപടിക്കത്ത് നബി(സ്വ)ക്ക് തിരിച്ചയച്ചു. അതോടൊപ്പം അദ്ദേഹം തന്റെ ദൂതന്മാർ മുഖേന വിവിധ സമ്മാനങ്ങളും പാരിതോഷികങ്ങളും കൊടുത്തയച്ചു. കൂട്ടത്തിൽ നബി(സ്വ)ക്ക് വേണ്ടി രാജാവ് നൽകിയ സമ്മാനമായിരുന്ന മഹതിയായ മാരിയ(റ). ഖദീജ(റ)ക്ക് ശേഷം നബി(സ്വ)ക്ക് സന്താനമുണ്ടായ ഏക ഭാര്യ ഇവരായിരുന്നു. നബി(സ്വ)യുടെ ഇബ്റാഹീം എന്ന മകൻ പിറക്കുന്നത് ഇവരിലൂടെയായിരുന്നു. കുഞ്ഞുനാളിൽ തന്നെ ആ കുഞ്ഞും മരണപ്പെടുകയുണ്ടായി. അന്ന് ഇബ്റാഹീമിന് ഒന്നര വയസ്സായിരുന്നു പ്രായം. ഈ കുഞ്ഞിന്റെ മരണ ദിവസത്തിൽ മദീനയിൽ ഗ്രഹണമുണ്ടാകുകയും ആളുകൾ നബി(സ്വ)യുടെ കുട്ടിയുടെ വിയോഗത്തിൽ സൂര്യന് ഗ്രഹണം വരെ സംഭവിച്ചു എന്ന് പറയുകയും ചെയ്തു. എന്നാൽ നബി(സ്വ) സ്വഹാബിമാരെ അത് തിരുത്തുകയും, സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ മാത്രമാണെന്നും, ഒരാളുടെ ജനനം കാരണത്താലോ മരണം കാരണത്താലോ അവയ്ക്ക് ഗ്രഹണം സംഭവിക്കുകയില്ലെന്ന് പഠിപ്പിക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്.

നബി(സ്വ)യുടെ കൂടെ അധിക കാലം കഴിയാൻ പറ്റാതെ മാസങ്ങൾക്കകം മരണപ്പെട്ടവരാണ് ഉമ്മുൽ മസാകീൻ (അഗതികളുടെ മാതാവ്) എന്ന പേരിൽ അറിയപ്പെടുന്ന സയ്നബ് ബിൻത് ഖുസയ്മ(റ)യും ഖൗല ബിൻത് ഹകീമും(റ).

***(അടുത്ത ലക്കത്തിൽ: ഹജ്ജതുൽ വദാഅ്)***

നബി(സ്വ)ക്ക് വേണ്ടി ഈജിപ്ത് ഭരിച്ചിരുന്ന മുക്വൗക്വിസ് രാജാവ് നൽകിയ സമ്മാനമായിരുന്നു മഹതിയായ മാരിയ(റ). ഖദീജ(റ)ക്ക് ശേഷം നബി(സ്വ)ക്ക് സന്താനമുണ്ടായ ഏക ഭാര്യ ഇവരായിരുന്നു. നബി(സ്വ)യുടെ ഇബ്റാഹീം എന്ന മകൻ പിറക്കുന്നത് ഇവരിലൂടെയായിരുന്നു. കുഞ്ഞുനാളിൽ തന്നെ ആ കുഞ്ഞും മരണപ്പെടുകയുണ്ടായി. അന്ന് ഇബ്റാഹീമിന് ഒന്നര വയസ്സായിരുന്നു പ്രായം. ഈ കുഞ്ഞിന്റെ മരണ ദിവസത്തിൽ മദീനയിൽ ഗ്രഹണമുണ്ടാകുകയും ആളുകൾ നബി(സ്വ)യുടെ കുട്ടിയുടെ വിയോഗത്തിൽ സൂര്യന് ഗ്രഹണം വരെ സംഭവിച്ചു എന്ന് പറയുകയും ചെയ്തു. എന്നാൽ നബി(സ്വ) സ്വഹാബിമാരെ അത് തിരുത്തുകയും, സൂര്യനും ചന്ദ്രനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ മാത്രമാണെന്നും, ഒരാളുടെ ജനനം കാരണത്താലോ മരണം കാരണത്താലോ അവയ്ക്ക് ഗ്രഹണം സംഭവിക്കുകയില്ലെന്ന് പഠിപ്പിക്കുകയും ചെയ്ത സംഭവം പ്രസിദ്ധമാണ്.



ലേഖനം

# ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ പത്ത് ദിനങ്ങളുടെ ശ്രേഷ്ഠത

**സഅ്ഫർ സ്വാദിഖ് മദീനി**

: 98467 97157

ഇസ്‌ലാമിൽ ചില സ്ഥലങ്ങൾക്കും സന്ദർഭങ്ങൾക്കും സമയങ്ങൾക്കും മാസങ്ങൾക്കും ദിവസങ്ങൾക്കും പ്രത്യേകതകളും ശ്രേഷ്ഠതയും മഹത്ത്വങ്ങളുമുണ്ട്. വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും തെളിവുകളുള്ള മഹത്ത്വങ്ങളും പ്രത്യേകതകളും നാം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. മാസങ്ങളിൽ റമദാൻ, ദുൽക്വഅ്ദ, ദുൽഹിജ്ജ, മുഹർറം, റജബ് എന്നിവയ്ക്ക് പ്രത്യേകതയുണ്ട്. സമയങ്ങളിൽ രാത്രിയുടെ അന്ത്യയാമം, പ്രഭാതം എന്നിവയ്ക്ക് മഹത്ത്വമുണ്ട്. മക്ക, മദീന, ബൈതുൽ മുക്വദ്ദസ്, അറഫ, മിന, മുസ്ദലിഫ തുടങ്ങിയ സ്ഥലങ്ങൾ അനുഗൃഹീതങ്ങളാണ്. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്സ്വാ എന്നീ പള്ളികൾ പുണ്യം ആഗ്രഹിച്ചുകൊണ്ട് യാത്ര പുറപ്പെടാൻ അനുവാദമുള്ളവയാണ്. അല്ലാഹുവിനെ മാത്രം ആരാധിക്കാനായി ഭൂമിയിൽ പടുത്തുയർത്തപ്പെട്ട അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികളെല്ലാം അല്ലാഹുവിന് ഭൂമിയിൽ ഇഷ്ടപ്പെട്ട സ്ഥലങ്ങളാണെന്ന് പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതുമാണ്.



**ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിനങ്ങൾ ശ്രേഷ്ഠമായവയാണ്. ഈ ദിവസങ്ങളിൽ ചെയ്യുന്ന സൽകർമങ്ങൾക്ക് മറ്റു ദിവസങ്ങളിൽ ചെയ്യുന്ന കർമങ്ങളെക്കാൾ ശ്രേഷ്ഠതയുണ്ടെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഒരു വിശ്വാസി ഈ അസുലഭാവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ചെയ്യുന്ന സൽകർമങ്ങൾ ചെറുതായി നമുക്ക് തോന്നുമെങ്കിലും ഈ പുണ്യദിനങ്ങളുടെ മഹത്ത്വം കാരണം വർധിച്ച പ്രതിഫലം ലഭിക്കപ്പെടുന്നു.**

ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിനങ്ങൾ ഇതുപോലെ ശ്രേഷ്ഠമായവയാണ്. ഈ ദിവസങ്ങളിൽ ചെയ്യുന്ന സൽകർമങ്ങൾക്ക് മറ്റു ദിവസങ്ങളിൽ ചെയ്യുന്ന കർമങ്ങളെക്കാൾ ശ്രേഷ്ഠതയുണ്ടെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഒരു വിശ്വാസി ഈ അസുലഭാവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ചെയ്യുന്ന സൽകർമങ്ങൾ ചെറുതായി നമുക്ക് തോന്നുമെങ്കിലും ഈ പുണ്യദിനങ്ങളുടെ മഹത്ത്വം കാരണം വർധിച്ച പ്രതിഫലം ലഭിക്കപ്പെടുന്നു.

### ഈ ദിനങ്ങളെ എങ്ങനെ സ്വീകരിക്കണം?

**1. സത്യസന്ധമായ പശ്ചാത്താപത്തോടെ**

വിശ്വാസി അനുഗൃഹീതമായ ഈ ദിനങ്ങളെ പശ്ചാത്താപത്തോടെയും അല്ലാഹുവിലേക്ക് തിരിച്ച് നടക്കുന്നുവെന്ന ദൃഢമനസ്സോടെയുമാണ് സ്വീകരിക്കേണ്ടത്. തൗബയിലൂടെ ഐഹികവും പാരത്രികവുമായ വിജയം നേടാൻ വിശ്വാസികൾക്ക് സാധിക്കും. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം” (അന്നൂർ 69).

**2. ഉറച്ച തീരുമാനം**

ഈ പുണ്യദിനങ്ങളെ ഐഹികവും പാരത്രികവുമായ വിജയം നേടാൻ അനുഗുണമായ രൂപത്തിൽ പ്രയോജനപ്പെടുത്തുമെന്ന ഉറച്ച തീരുമാനമെടുക്കണം വിശ്വാസി. ഇങ്ങനെ ഒരു തീരുമാനമെടുത്താൽ അല്ലാഹുവിന്റെ സഹായം ഉണ്ടാവും. തീരുമാനിച്ച കാര്യങ്ങൾ ചെയ്യാനുതകുന്ന കാരണങ്ങളെല്ലാം അല്ലാഹു എളുപ്പമാക്കിത്തരും.

“നമ്മുടെ മാർഗത്തിൽ സമരത്തിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുകതന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്‌വൃത്തരോടൊപ്പമാകുന്നു” (അൽഅൻകബൂത്ത് 69).

**3. തിന്മകളിൽനിന്ന് അകന്നുനിൽക്കുക**

തിന്മകളിൽനിന്ന് മോചിതരായിക്കൊണ്ടാണ് വിശ്വാസി പുണ്യദിനങ്ങളെ സ്വീകരിക്കേണ്ടത്. സൽകർമങ്ങളിലൂടെ അല്ലാഹുവിലേക്ക് അടുക്കാനാകും. തിന്മകൾ അല്ലാഹുവിൽനിന്ന് നമ്മെ അകറ്റുകയും അവന്റെ കാരുണ്യത്തിൽ നിന്ന് തടയുകയും ചെയ്യുമെന്ന കൃത്യമായ ബോധം വിശ്വാസിക്കുണ്ടാവണം. പാപമോചനവും നരകമോചനവും ആഗ്രഹിക്കുന്ന വിശ്വാസി ഈ ശ്രേഷ്ഠകരമായ ദിനങ്ങളിൽ പാപങ്ങൾ വന്ന് പോകുന്നതിനെ കരുതിയിരിക്കണം. അതുകൊണ്ട് അനുഗൃഹീത ദിനങ്ങളുടെ മഹത്ത്വമറിയുക, എങ്കിൽ അർഹിക്കുന്ന രൂപത്തിൽ അവയെ സ്വീകരിക്കാൻ നമുക്ക് സാധിക്കും. നഷ്ടപ്പെടുത്തി ഖേദിക്കാനവസരം ഉണ്ടാക്കാതിരിക്കുക.

### മഹത്ത്വങ്ങൾ

**1. അല്ലാഹു സത്യം ചെയ്യുന്നു:**

ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങളെ പിടിച്ച് അല്ലാഹു സത്യം ചെയ്യുന്നു. അല്ലാഹു ഒരു കാര്യത്തെ കുറിച്ച് സത്യം ചെയ്തു പറയുന്നത് അതിന്റെ മഹത്ത്വത്തെയും പ്രത്യേകതയെയുമാണ് സൂചിപ്പിക്കുന്നത്.

“പ്രഭാതം തന്നെയാണെ സത്യം. പത്തു രാത്രികൾ തന്നെയാണെ സത്യം” (അൽഫജ്ർ 1,2).

ഇവിടെ പത്തു രാത്രികൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിനങ്ങളെയാണ്. പൗരാണികരും

പ്രാമാണികരുമായ ഭൂരിപക്ഷം മുഫസ്സിറുകളും ഈ കാര്യം അവരുടെ തഫ്സീറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇമാം ഇബ്നുകസീർ തന്റെ തഫ്സീറിൽ ഇത് ശരിയാണെന്നു പറഞ്ഞതായി കാണാം.

**2. അല്ലാഹുവിനെ സ്മരിക്കുക**

അറിയപ്പെട്ട ഈ ദിനങ്ങളിൽ പ്രതേകമായി അല്ലാഹുവിനെ ഓർക്കാൻ ഇസ്‌ലാമിക ശരീഅത്ത് നിയമമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു:

“അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽകാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലികഴിക്കാനും വേണ്ടിയത്രെ അത്” (അൽ ഹജ്ജ് 28).

മേൽ സൂചിപ്പിച്ച സൂക്തത്തിൽ പരാമർശിച്ച ‘അറിയപ്പെട്ട ദിനങ്ങൾ’ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിനങ്ങളാണെന്നാണ് ഭൂരിപക്ഷ മുഫസ്സിറുകളും വിശദമാക്കിയത്. ഇബ്നു ഉമർ(റ), ഇബ്നു അബ്ബാസ്(റ) പോലെയുള്ള പ്രവാചകാനുചന്മാരും വ്യക്തമാക്കിയത് ഇതുതന്നെയാണ്.

**3. പ്രവാചക സാക്ഷ്യം**

ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങൾ ഇഹലോകത്തിലെ ദിനങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയുള്ള ദിനങ്ങളാണെന്ന് നബി(സ്വ) സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഒരു ഹദീസ് കാണുക:

ജാബിർ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: ‘ഈ ദുൻയാവിലെ ഏറ്റവും ശ്രേഷ്ഠതയുള്ള ദിനം (കർമങ്ങൾ ഏറ്റവും പ്രതിഫലാർഹമായത്) പത്ത് ദിനങ്ങളാണ്. അതായത് ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങൾ.’ ചോദിക്കപ്പെട്ടു: ‘അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനും ലഭിക്കില്ലേ?’ അവിടുന്ന് പറഞ്ഞു: ‘അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനും ലഭിക്കില്ല, ഒരാൾക്കൊഴിച്ച്, അയാൾ ജിഹാദ് ചെയ്തു തന്റെ സമ്പത്തും ശരീരവും മണ്ണിലലിഞ്ഞിരിക്കുന്നു” (ബസ്സാർ, ഇബ്നുഹിബ്ബാൻ. അൽബാനി സ്വഹീഹാണെന്ന് വിശേഷിപ്പിച്ചു). അതായത്, തന്റെ സമ്പത്തും ശരീരവും ജിഹാദിനായി സമർപ്പിച്ചാൽ അയാൾക്ക് കൂടുതൽ പ്രതിഫലം ലഭിക്കും.

**ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങളിൽ ഇസ്‌ലാമിലെ പ്രധാനപ്പെട്ട ആരാധനകളെല്ലാം നിർവഹിക്കുവാനുള്ള അവസരം ലഭിക്കുന്നു. മറ്റു ദിനങ്ങളിൽ അത് സാധ്യമല്ല. ഇമാം ഹാഫിദ് ഇബ്നു ഹജർ പറയുന്നു: ‘ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങൾക്ക് ഇത്ര പ്രത്യേകത വരാൻ കാരണമായി മനസ്സിലാകുന്നത് ഇസ്‌ലാമിലെ പ്രധാനപ്പെട്ട ആരാധനകളായ നമസ്കാരം, നോമ്പ്, സ്വദക്വ, ഹജ്ജ് തുടങ്ങിയവയെല്ലാം ഒരുമിക്കുന്നുവെന്നതാണ്. ഇത് മറ്റു ദിനങ്ങളിൽ വരുകയില്ല’ (ഫത്ഹുൽ ബാരി).**

**4. അറഫാദിനം**

ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങളിൽ അറഫാദിനം വരുന്നുവെന്നത് ഈ ദിനങ്ങളുടെ മഹത്ത്വം വ്യക്തമാക്കുന്നു. അറഫയിലെ ഹാജിമാർക്ക് മലക്കുകളെ സാക്ഷിയാക്കിക്കൊണ്ട് പാപമോചനം നൽകുന്ന ദിനമാണ് അറഫ. റസൂലുല്ലാഹ്(സ്വ) പറഞ്ഞു: “ഹജ്ജ് അറഫയാണ്.”

**5. യൗമുന്നഹ്ർ**

നബി(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെയടുത്ത് ഏറ്റവും ശ്രേഷ്ഠതയുള്ള ദിനം യൗമുന്നഹ്ർ (ദുൽഹിജ്ജ പത്ത്) ആകുന്നു. ശേഷം ശ്രേഷ്ഠതയുള്ളത് അയ്യാമുത്തശ്‌രീഖിനാണ് (ദുൽഹിജ്ജ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്)” (അബൂദാവൂദ്, നസാഈ, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയത്).

**6. പ്രധാനപ്പെട്ട ആരാധനകൾക്കുള്ള അവസരം**

ദുൽഹിജ്ജയിലെ ആദ്യ പത്തു





ദിനങ്ങളിൽ ഇസ്‌ലാമിലെ പ്രധാനപ്പെട്ട ആരാധനകളെല്ലാം നിർവഹിക്കുവാനുള്ള അവസരം ലഭിക്കുന്നു. മറ്റു ദിനങ്ങളിൽ അത് സാധ്യമല്ല. ഇമാം ഹാഫിദ് ഇബ്നു ഹജർ പറയുന്നു: 'ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങൾക്ക് ഇത്ര പ്രത്യേകത വരാൻ കാരണമായി മനസ്സിലാകുന്നത് ഇസ്‌ലാമിലെ പ്രധാനപ്പെട്ട ആരാധനകളായ നമസ്കാരം, നോമ്പ്, സ്വദക്വ, ഹജ്ജ് തുടങ്ങിയവയെല്ലാം ഒരുമിക്കുന്നുവെന്നതാണ്. ഇത് മറ്റു ദിനങ്ങളിൽ വരുകയില്ല' (ഫത്ഹുൽ ബാരി).

**കർമങ്ങളുടെ മഹത്ത്വം**

ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങളിൽ ചെയ്യുന്ന സൽകർമങ്ങൾക്ക് ഒരുപാട് മഹത്ത്വവും പ്രത്യേകതയുമുണ്ട്. ചില ഹദീഥുകൾ കാണുക:

ഇബ്നു അബ്ബാസ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "മറ്റു ദിനങ്ങളിൽ ചെയ്യുന്ന സൽകർമങ്ങളെക്കാൾ ഈ ദിനങ്ങളി(ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങളി)ൽ ചെയ്യുന്ന സൽകർമങ്ങളാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളത്." സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനുമില്ലേ?". നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനുമില്ല, ഒന്നൊഴിച്ച്, ഒരാൾ ജിഹാദിനായി തന്റെ സമ്പത്തും ശരീരവുമായി പുറപ്പെട്ടു, ശേഷം അവൻ ഒന്നുകൊണ്ടും മടങ്ങിവന്നില്ല" (ബുഖാരി). (അതായത്, സമ്പത്ത് മുഴുവനും ജിഹാദിനായി ചെലവഴിച്ചു, രക്തസാക്ഷിയാവുകയും ചെയ്തു. ഇയാൾക്ക് ഇതിനെക്കാൾ കൂടുതൽ പ്രതിഫലം ലഭിക്കും).

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം: "ഞാൻ റസൂലുല്ലാഹി(സ്വ)യുടെ കൂടെയായിരുന്നു. സൽകർമങ്ങളെ കുറിച്ച് ഞാൻ അവിടുത്തോട് ചോദിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: "മറ്റു ദിനങ്ങളിൽ ചെയ്യുന്ന സൽകർമങ്ങളെക്കാൾ ഈ ദിനങ്ങളി(ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങളി)ൽ ചെയ്യുന്ന സൽകർമങ്ങളാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ളത്. സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനുമില്ലേ?' നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിനുമില്ല, ഒന്നൊഴിച്ച, ഒരാൾ ജിഹാദിനായി തന്റെ സമ്പത്തും ശരീരവുമായി പുറപ്പെട്ടു, ശേഷം (ജിഹാദിനിടയിൽ) അവന്റെ ആത്മാവ് അല്ലാഹുവിക്കേ് ഉയർന്നുപോയി" (അഹ്മദ്. ഇമാം അൽബാനി ഇതിന്റെ സനദ് ഹസനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്).

മുകളിൽ ഉദ്ധരിക്കപ്പെട്ട രണ്ട് ഹദീഥുകളിൽനിന്നും ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങളിൽ ചെയ്യുന്ന സൽകർമങ്ങളാണ് മറ്റു ദിവസങ്ങളിൽ ചെയ്യുന്നതിനെക്കാൾ അല്ലാഹു ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത്, അതിനാണ് പ്രതിഫലം കൂടുതൽ എന്നാണ് വ്യക്തമാകുന്നത്. അതുപോലെ ഈ ദിനങ്ങളിൽ സൽകർമങ്ങൾ ചെയ്യുന്ന വിശ്വാസിക്കാണ് അല്ലാഹുവിന്റെ മാർഗത്തിൽ ഇസ്‌ലാം പഠിപ്പിച്ച ജിഹാദ് ചെയ്യുന്നവനെക്കാളും പ്രതിഫലം ലഭിക്കുന്നത്.

**ദുൽഹിജ്ജയിലെ ആദ്യ പത്തുദിനങ്ങളുടെ പ്രത്യേകതയും മഹത്ത്വവും അവയിൽ ചെയ്യുന്ന കർമങ്ങൾക്ക് ലഭിക്കുന്ന മഹത്തായ പ്രതിഫലവും മനസ്സിലാക്കിയ ഒരു വിശ്വാസി അത് കരഗതമാക്കാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതുണ്ട്. നബി(സ്വ)യും അനുചരന്മാരും അവരെ പിന്തുടർന്ന നമ്മുടെ പൂർവികരായ സലഫുകളും അടക്കമുള്ളവരുടെ ചരിത്രം അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. മുൻഗാമികൾ റമദാനിലെ അവസാനത്തെ പത്തിനെയും ദുൽഹിജ്ജയിലെ ആദ്യത്തെ പത്തുദിനങ്ങളെയും മുഹർറത്തിലെ ആദ്യ പത്തിനെയും മഹത്തരമായി കാണുകയും ആ ദിനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തതായി കാണാവുന്നതാണ്.**

**ചെയ്യാവുന്ന സൽകർമങ്ങൾ**

ദുൽഹിജ്ജയിലെ ആദ്യ പത്തു ദിനങ്ങളുടെ പ്രത്യേകതയും മഹത്ത്വവും അവയിൽ ചെയ്യുന്ന കർമങ്ങൾക്ക് ലഭിക്കുന്ന മഹത്തായ പ്രതിഫലവും മനസ്സിലാക്കിയ ഒരു വിശ്വാസി അത് കരഗതമാക്കാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതുണ്ട്. നബി(സ്വ)യും അനുചരന്മാരും അവരെ പിന്തുടർന്ന നമ്മുടെ പൂർവികരായ സലഫുകളും അടക്കമുള്ളവരുടെ ചരിത്രം അതാണ് നമ്മെ ബോധ്യപ്പെടുത്തുന്നത്. ഈ പുണ്യ ദിനരാത്രങ്ങളിൽ ചെയ്യാവുന്ന ഏതാനും സൽകർമങ്ങൾ ചുവടെ സൂചിപ്പിക്കാം. മുൻഗാമികൾ റമദാനിലെ അവസാനത്തെ പത്തിനെയും ദുൽഹിജ്ജയിലെ ആദ്യത്തെ പത്തുദിനങ്ങളെയും മുഹർറത്തിലെ ആദ്യ പത്തിനെയും മഹത്തരമായി കാണുകയും ആ ദിനങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തതായി കാണാവുന്നതാണ്.

**1. ഹജ്ജും ഉംറയും**

കഴിയുന്നവർ ഈ പുണ്യദിനങ്ങളിൽ ഹജ്ജും ഉംറയും ചെയ്യുക. പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ലായെന്ന പ്രവാചക വചനം വിശ്വാസിയുടെ മനസ്സിൽ ഉണ്ടാവണം. നബി(സ്വ) പറഞ്ഞു:

"ഒരു ഉംറ അടുത്ത ഉംറവരെയുള്ള ചെറുപാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്, മബ്റൂറായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (ബുഖാരി, മുസ്‌ലിം)

മബ്റൂറായ ഹജ്ജ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പാപങ്ങളും ലോകമാന്യവും പേരും പെരുമയും ചീത്തവർത്തമാനവും അവിവേകവും തെമ്മാടിത്തവും കൂടിക്കലരാതെ, നബി(സ്വ)യുടെ ചര്യയനുസരിച്ചുള്ള ഹജ്ജ് എന്നതാണ്.

**2. നോമ്പ്**

ഈ പുണ്യദിനങ്ങളിൽ നമുക്ക് ചെയ്യാവുന്ന ഒരു പുണ്യ കർമമാണ് നോമ്പ്. അതിന്റെ മഹത്ത്വവും സ്ഥാനവും കാരണം അല്ലാഹു



തന്നിലേക്ക് ചേർത്തിപ്പറഞ്ഞ ഒരു ആരാധനയാണ് നോമ്പ്. ഖുദ്സിയായ ഒരു ഹദീസിൽ അല്ലാഹു പറയുന്നു:

"ആദം സന്തതികളുടെ എല്ലാ കർമങ്ങളും അവർക്കുതന്നെയുള്ളതാണ്, നോമ്പൊഴിച്ച്; അത് എനിക്കുള്ളതാണ്, ഞാനാണതിന് പ്രതിഫലം നൽകുന്നത്" (ബുഖാരി, മുസ്‌ലിം).

ദുൽഹിജ്ജ ഒമ്പതിനാണല്ലോ അറഫ, അന്ന് നോമ്പെടുക്കൽ പ്രത്യേകം പുണ്യമുള്ളതാണ്. അറഫയുടെ പ്രത്യേകതയായി നബി(സ) പറയുന്നു:

"അറഫാദിനത്തിലെ നോമ്പിന് അതിന്റെ മുമ്പുള്ള ഒരു വർഷത്തെയും അതിന്റെ ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കുന്ന പ്രതിഫലം അല്ലാഹുവിൽനിന്ന് ഞാൻ പ്രതീക്ഷിക്കുന്നു" (മുസ്‌ലിം).

> **കഴിയുന്നവർ ഈ പുണ്യദിനങ്ങളിൽ ഹജ്ജും ഉംറയും ചെയ്യുക. പുണ്യകരമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ലായെന്ന പ്രവാചക വചനം വിശ്വാസിയുടെ മനസ്സിൽ ഉണ്ടാവണം. നബി(സ്വ) പറഞ്ഞു: "ഒരു ഉംറ അടുത്ത ഉംറ വരെയുള്ള ചെറുപാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്, മബ്റൂറായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല" (ബുഖാരി, മുസ്‌ലിം)**

ദുൽഹിജ്ജയിലെ ആദ്യത്തെ പത്ത് ദിവസങ്ങിലെ തിങ്കളും വ്യാഴവും അതുപോലെ (ചില പണ്ഡിതരുടെ അഭിപ്രായ പ്രകാരം) ഒന്നു മുതൽ പത്തുവരെയും സുന്നത്ത് നോമ്പ് അനുഷ്ഠിക്കാവുന്നതാണ്.

**3. നമസ്കാരം**

നമസ്കാരം ഒരു വിശ്വാസിയുടെ കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠകരമായതാണ്. ഒരു അടിമ യഥാർഥ വിശ്വാസിയാവണമെങ്കിൽ അഞ്ചു നേരത്തെ നമസ്കാരം കൃത്യമായി നിലനിർത്തേണ്ടതുണ്ട്. അതോടൊപ്പം ഈ അനുഗൃഹീതമായ ദിനരാത്രങ്ങളിൽ സുന്നത്ത് നമസ്കാരങ്ങളും അധികരിപ്പിക്കുക. അല്ലാഹുവിലേക്ക് അടുക്കാനുള്ള ഏറ്റവും നല്ല മാർഗമാണ് സുന്നത്ത് നമസ്കാരങ്ങൾ.

നബി(സ്വ) അല്ലാഹു പറഞ്ഞതായി അറിയിക്കുന്നു: "എന്റെ ഒരു അടിമ സുന്നത്തായ നമസ്കാരങ്ങൾകൊണ്ട് എന്നിലേക്ക് അടുക്കുന്നു; ഞാൻ അവനെ ഇഷ്ടപ്പെടുന്നതുവരെ" (ബുഖാരി).

**4. ദിക്റുകൾ**

ഇബ്നു ഉമർ(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "അല്ലാഹുവിന്റെയടുത്ത് ഈ പത്തുദിനങ്ങളെക്കാൾ മഹത്ത്വമേറിയ മറ്റു ദിനങ്ങളോ, ഈ ദിനങ്ങളിൽ ചെ

യ്യുന്ന കർമങ്ങളെക്കാൾ ഏറ്റവും ഇഷ്ടമുള്ള മറ്റു ദിനങ്ങളിലുള്ള കർമമോ ഇല്ല. അതുകൊണ്ട് നിങ്ങൾ തക്ബീർ, തഹ്മീദ്, തഹ്ലീൽ, ദിക്റുകൾ എന്നിവ അധികരിപ്പിക്കുക" (അഹ്മദ്).

ഇബ്നു ഉമറും(റ) അബൂഹുറയ്റ(റ)യുമെല്ലാം ഈ പത്തുദിനങ്ങളിൽ അങ്ങാടികളിലേക്കും മറ്റും പോകുന്ന വേളകളിൽ തക്ബീറുകൾ ചൊല്ലാറുണ്ടായിരുന്നു. അത് കേട്ട് അവിടയുള്ളവരും തക്ബീറുകൾ ചൊല്ലിയിരുന്നു. ഇബ്നു ഉമർ(റ) മിനയിലെ തന്റെ ടെന്റിൽ വെച്ച് തക്ബീർ ഉറക്കെ ചൊല്ലിയിരുന്നു, അത് കേട്ട് പള്ളിയിലുള്ളവരും ചൊല്ലിയിരുന്നു.

ഈ ദിനങ്ങളിൽ തക്ബീറുകൾ അധികരിപ്പിക്കുക, ഉച്ചത്തിൽതന്നെ ചൊല്ലാൻ ശ്രമിക്കുക. ഒരാൾ ചൊല്ലിക്കൊടുത്ത് മറ്റുള്ളവർ ഏറ്റു ചൊല്ലുന്ന രൂപത്തിൽ ചൊല്ലാതെ, എല്ലാവരും സ്വന്തമാണ് ചൊല്ലേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക.

**5. ദാനധർമങ്ങൾ**

ഈ പുണ്യദിനങ്ങളിൽ കഴിവിന്റെ പരമാവധി സ്വന്തം അവസ്ഥ മനസ്സിലാക്കി ദാനധർമങ്ങൾ അധികരിപ്പിക്കൽ പ്രത്യേകം സുന്നത്താണ്. വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു ദാനധർമത്തെ പ്രോത്സാഹിപ്പിക്കുന്നത് കാണുക:


"സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസംവന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ..." (അൽബക്വറ 254).

**ഈ പുണ്യദിനങ്ങളിൽ കഴിവിന്റെ പരമാവധി സ്വന്തം അവസ്ഥ മനസ്സിലാക്കി ദാന ധർമങ്ങൾ അധികരിപ്പിക്കൽ പ്രത്യേകം സുന്നത്താണ്. വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു ദാനധർമത്തെ പ്രോൽസാഹിപ്പിക്കുന്നത് കാണുക: "സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസംവന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ...'' (അൽബക്വറ 254).**

പ്രവാചകൻ(സ്വ) പറയുന്നു: "ദാനധർമം ഒരു ധനത്തെയും കുറച്ചുകളഞ്ഞിട്ടില്ല" (മുസ്ലിം).

**6. മറ്റു സൽകർമങ്ങൾ**

ക്വുർആൻ പാരായണം ചെയ്യലും പഠിക്കലും, പാപമോചനം തേടൽ, മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ, കുടുംബബന്ധം ചേർക്കൽ, സലാം പറയൽ, വ്യാപിപ്പിക്കൽ, സാധുക്കളെ ഭക്ഷിപ്പിക്കൽ, ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കൽ, നന്മകൽപിക്കൽ, തിന്മ വിരോധിക്കൽ, നാവിനെയും ലൈംഗികാവയവങ്ങളെയും സൂക്ഷിക്കൽ, അയൽവാസികൾക്ക് നന്മചെയ്യൽ, അതിഥികളെ ആദരിക്കൽ, അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കൽ, വഴിയിൽനിന്ന് ഉപദ്രവങ്ങൾ നീക്കൽ, ഭാര്യക്കും കുടുംബത്തിനും വേണ്ടി ചെലവഴിക്കൽ, അനാഥകളെ ഏറ്റെടുത്ത് സംരക്ഷിക്കൽ, രോഗികളെ സന്ദർശിക്കൽ, ആവശ്യക്കാരുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കൽ, നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ, സഹോദരങ്ങളെ ഉപദ്രവിക്കാതിരിക്കൽ, വിനയത്തോടെ പെരുമാറൽ, മാതാപിതാക്കളുടെ സുഹൃത്തുക്കളുമായി ബന്ധം ചേർക്കൽ, അസാന്നിധ്യത്തിൽ സുഹൃത്തുക്കൾക്കുവേണ്ടി പ്രാർഥിക്കൽ, കരാറുകളും അമാനത്തുകളും കൃത്യമായി പാലിക്കുകയും പൂർത്തിയാക്കുകയും ചെയ്യൽ, അശരണരെ സഹായിക്കൽ, അല്ലാഹു ഹറാമാക്കിയതിൽനിന്ന് ദൃഷ്ടികളെ താഴ്ത്തൽ, കൃത്യമായും പൂർണമായും വുദൂഅ് ചെയ്യൽ, ബാങ്കിനും ഇക്വാമത്തിനുമിടയിൽ പ്രാർഥിക്കൽ, റവാതിബ് സുന്നത്തുകൾ കൃത്യമായി നിർവഹിക്കൽ, ബലിപെരുന്നാൾ നമസ്കാരം ഈദ് ഗാഹുകളിൽ നിർവഹിക്കാൻ പരിശ്രമിക്കൽ, പള്ളികളിൽ പോയി ജമാഅത്തായി നമസ്കാരം നിലനിർത്തൽ, നമസ്കാരശേഷമുള്ള ദിക്റുകളും ദുആകളും ചൊല്ലൽ, അനുവദനീയമായ മാർഗത്തിൽ സമ്പാദിക്കൽ, ദുർബലരെ സഹായിക്കൽ, പുണ്യങ്ങൾ ചെയ്യുന്നതോടൊപ്പം അതിലേക്ക് ആളുകളെ വഴിനടത്തൽ, തിന്മകൾ വെടിഞ്ഞ് ഹൃദയത്തെ വിശാലമാക്കൽ, സന്താനങ്ങളെ മതനിയമങ്ങൾ പഠിപ്പിക്കൽ, നന്മയിൽ പരസ്പരം സഹായിക്കൽ...ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ഒരുപാട് നന്മകളുണ്ട്, അവയെല്ലാം സാധ്യമായ നിലയിൽ നിർവഹിക്കാൻ പരിശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.





# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂഅയ്മൻ**

ജനാധിപത്യ ഭരണസംവിധാനക്രമത്തിന്റെ മൂന്നു നെടുംതൂണുകളാണ് ഭരണനിർവഹണവിഭാഗം (Executive), നിയമനിർമാണ വിഭാഗം (Legislature ), നീതിന്യായ നിർവഹണവിഭാഗം (Judiciary) എന്നിവ. ഇവയിൽ നീതിനിർവഹണച്ചുമതല നിക്ഷിപ്തമായിരിക്കുന്ന നീതിന്യായക്കോടതികളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെപ്പറ്റിയും അവയുമായി ബന്ധപ്പെട്ടുള്ള വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ചുംനമുക്ക് വിശദമായി മനസ്സിലാക്കാം:

കേരളം, കാലാകാലങ്ങളിലായി വിവിധ ഭരണപ്രദേശങ്ങളായി വിവിധ ഭരണാധികാരികളുടെ ഭരണത്തിൻ കീഴിൽ കഴിഞ്ഞതിനുശേഷം, ഒടുവിൽ തിരുവിതാംകൂർ മഹാരാജാവിന്റെ ഭരണത്തിൻ കീഴിലുള്ള തിരുവിതാംകൂർ രാജ്യവും, കൊച്ചി മഹാരാജാവിന്റെ ഭരണത്തിൻ കീഴിലുള്ള കൊച്ചി രാജ്യവും, ബ്രിട്ടീഷ് ഭരണപ്രദേശമായ മദ്രാസ് പ്രവിശ്യയുടെ ഭാഗമായുള്ള മലബാറും ചേർന്ന ദേശം എന്ന സ്ഥിതിയിൽ എത്തിച്ചേരുകയുണ്ടായി. തിരുവിതാംകൂറിന് തിരുവിതാംകൂർ ഹൈക്കോടതിയും, കൊച്ചിക്ക് കൊച്ചി ഹൈക്കോടതിയും, ഈ ഓരോ ഹൈക്കോടതിയുടെയും കീഴിൽ വിവിധ കീഴ്ക്കോടതികളും അതതുരാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്നു. മദ്രാസ് ഹൈക്കോടതിയായിരുന്നു മലബാർ പ്രദേശത്തിന്റെ ഹൈക്കോടതി. ഈ ഹൈക്കോടതിയുടെ കീഴിൽ മലബാറിലെ വിവിധ കീഴ്ക്കോടതികളും പ്രവർത്തിച്ചിരുന്നു.

ഇന്ത്യ 1947 ഓഗസ്റ്റ് 15ന് ബ്രിട്ടീഷ് ഭരണത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ചെങ്കിലും, 1949വരെയും തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിൻ കീഴിൽ തുടർന്നുപോരുകയാണുണ്ടായത്. ഇരുരാജ്യങ്ങളുടെയും ലയനം 1949ൽ നടന്നതോടെ തിരുകൊച്ചി സംസ്ഥാനം രൂപവൽകൃതമായി. അതോടെ തിരുവിതാംകൂർ ഹൈക്കോടതിയെയും കൊച്ചി ഹൈക്കോടതിയെയും ലയിപ്പിച്ചുകൊണ്ടുള്ള തിരുകൊച്ചി ഹൈക്കോടതി, 1949 ജൂലൈ ഒന്നിന് കൊച്ചി ആസ്ഥാനമായി രൂപം കൊണ്ടു. ജസ്റ്റീസ് കെ. കുഞ്ഞിരാമനായിരുന്നു പ്രഥമ ചീഫ് ജസ്റ്റീസ്. ഇന്ത്യ 1950 ജനുവരി 26ന് റിപ്പബ്ലിക്ക് ആയതോടെ ഇന്ത്യൻ ഫെഡറൽ കോടതി ഇന്ത്യൻ സുപ്രീം കോടതിയായി മാറി.

കേരള സംസ്ഥാനം 1956 നവംബർ ഒന്നിന് രൂപീകൃതമായതോടെയാണ് തിരുകൊച്ചി ഹൈക്കോടതി കേരള ഹൈക്കോടതിയായി രൂപംകൊണ്ടത്. കൊച്ചി ഹൈക്കോടതിയുടെയും തിരുകൊച്ചി ഹൈക്കോടതിയുടെയും അവസാനത്തെ ചിഫ് ജസ്റ്റീസുകൂടിയായ കെ.റ്റി. കോശി ആയിരുന്നു കേരള ഹൈക്കോടതിയുടെ പ്രഥമ ചീഫ് ജസ്റ്റീസ്.

തിരുവിതാംകൂർ ഹൈക്കോടതി 1877ലാണ് തിരുവനന്തപുരത്ത് സ്ഥാപിതമായത്. ഈ അഞ്ചംഗ കോടതിയുടെ പ്രഥമ ചീഫ് ജസ്റ്റീസ്, അന്ന് 35 വയസ്സുമാത്രം പ്രായമുള്ള ജസ്റ്റീസ് രാമചന്ദ്ര അയ്യർ ആയിരുന്നു. ജസ്റ്റീസ് പുതുപ്പള്ളി കൃഷ്ണപിള്ള ആയിരുന്നു ഈ കോടതിയുടെ അവസാനത്തെ ചീഫ് ജസ്റ്റീസ്. കൊച്ചിയിലെ രാജാസ് കോർട്ട് ഓഫ് അപ്പീൽ 1900ൽ ചീഫ് കോർട്ട് ഓഫ് കൊച്ചിൻ ആയി പുനഃസംഘടിപ്പിച്ചു. എസ്. ലോക്കെ ആയിരുന്നു പ്രഥമ ചീഫ് ജഡ്ജ്, സർ ഷണ്മുഖം ചെട്ടി ദിവാനാ യിരിക്കെ ഈ കോടതി 1944ൽ കെ.റ്റി.കോശി ചീഫ് ജസ്റ്റീസ് ആയി കൊച്ചി ഹൈക്കോടതിയായി പുനഃ സംഘടിപ്പിക്കപ്പെട്ടു. മദ്രാസ് ഹൈക്കോടതി 1862 ജൂൺ 26ന് ബ്രിട്ടനിലെ വിക്ടോറിയാ മഹാരാജ്ഞിയുടെ റോയൽ ചാർട്ടർ പ്രകാരം സ്ഥാപിതമായി. ആദ്യകാല ജഡ്ജിമാർ ബ്രിട്ടീഷുകാരായിരുന്നു. ജസ്റ്റീസ് ടി. മുത്തുസ്വാമി അയ്യരായിരുന്നു ഈ കോടതിയിലെ ആദ്യത്തെ ഇന്ത്യൻ ജഡ്ജി.

(തുടരും)

ലേഖനം



# നാവിനെ സൂക്ഷിക്കാം

ശമീർ മദീനി
: 9048221212

അല്ലാഹു നൽകിയ അനവധി അനുഗ്രഹങ്ങൾ ആസ്വദിച്ച് ജീവിക്കുന്നവരാണ് നാം ഓരോരുത്തരും. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ വിശിഷ്ടമായ ഒന്നാണ് നാവ് അഥവാ സംസാരശേഷി. അത് ശ്രദ്ധിച്ച് വിനിയോഗിച്ചാൽ ധാരാളം നന്മകൾ നമുക്ക് ഇഹത്തിലും പരത്തിലും നേടിയെടുക്കാൻ സാധിക്കും. അത് അശ്രദ്ധമായി, അലക്ഷ്യമായി ഉപയോഗിച്ചാൽ ഒട്ടേറേ നഷ്ടങ്ങളും അപകടങ്ങളും ഉണ്ടാവുകയും ചെയ്യും.

കളിതമാശകൾ മനുഷ്യസഹജമാണ്. നബി(സ്വ)യും സ്വഹാബത്തും ചിലപ്പോഴൊക്കെ തമാശകൾ പറഞ്ഞ സംഭവങ്ങൾ ഹദീസുകളിൽ കാണാൻ കഴിയും. പക്ഷേ, അവിടെപ്പോലും ഇസ്‌ലാമികബോധം അവർ നിലനിർത്തിയിരുന്നു എന്നത് ശ്രദ്ധേയമാണ്. കളവും പരിഹാസവും ആ തമാശകളിൽ കടന്നുവരാറില്ലായിരുന്നു. ആക്ഷേപങ്ങൾ, അനാവശ്യമായ; നന്മകൾ ഇല്ലാത്ത വിമർശനങ്ങൾ തുടങ്ങിയവയെല്ലാം ഒഴിവാക്കാൻ നമുക്ക് സാധിക്കണം. ഒരാളുടെ മനസ്സിന് വേദനയുണ്ടാക്കുന്ന, മുറിവേൽപിക്കുന്ന വാക്കുകൾ ഒരിക്കലും വിശ്വാസിയുടെ നാവിൽനിന്ന് ഉണ്ടായിക്കൂടാ. അല്ലാഹുവിനെയും അവന്റെ ദൂതനെയും ദീനീവിഷയങ്ങളെയുമൊക്കെ പരിഹസിക്കുന്ന വാക്കുകൾ; അല്ലാഹുവിനെയും നബി(സ്വ)യെ സ്നേഹിക്കേണ്ട, പരിശുദ്ധദീനിനെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ട ആളുകളിൽ നിന്നും ഒരിക്കലും ഉണ്ടാകുവാൻ പാടില്ലാത്ത പരിഹാസവാക്കുകൾ ചിലപ്പോൾ കളിതമാശകളുടെ പേരിൽ പലരുടെയും നാവിൽ നിന്ന് വന്നുപോകാറുണ്ട്. വളരെ ഗൗരവം നിറഞ്ഞ സംഗതിയായിട്ടാണ് ഇസ്‌ലാം അതിനെ പരിഗണിക്കുന്നത്. നബി(സ്വ) വളരെ ഗൗരവത്തോടുകൂടി അക്കാര്യം ഉണർത്തിയിട്ടുണ്ട്.

അല്ലാഹുവിനെയും റസൂലിനെയും മതത്തെയും പരിഹസിച്ച കപടന്മാരെക്കുറിച്ച് അല്ലാഹു പറഞ്ഞു: “നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശപറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചുകഴിഞ്ഞിരിക്കുന്നു...” (ക്വുർആൻ 9:65,66).


മതത്തെ പരിഹസിക്കുന്നവർക്ക് ശക്തമായ താക്കീതും മുന്നറിയിപ്പുമാണ് ഈ സൂക്തങ്ങളിലൂടെ അല്ലാഹു നൽകുന്നത്. മതത്തിന്റെ ചില നിർദേശങ്ങളും കൽപനകളും ‘സ്വന്തം ബുദ്ധിക്ക്’ ഉൾക്കൊള്ളാൻ കഴിയാത്ത നബിവചനങ്ങളും കേൾക്കുമ്പോൾ പരിഹസിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന ഇടുങ്ങിയ മനസ്സിന്റെ ആളുകളായി മാറിയവർ ഹൃദയ വിശാലതയ്ക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയും പശ്ചാത്തപിക്കുകയും കൂടുതൽ ആഴത്തിൽ പഠിക്കാനും അന്വേഷിക്കാനും തയ്യാറാവുകയും ചെയ്യേണ്ടതുണ്ട്.

“അത് (നിങ്ങൾ ഗ്രഹിക്കുക), വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്നപക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽനിന്നുണ്ടാകുന്നതത്രെ” (ക്വുർആൻ 22:32).

അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കൽ ഹൃദയത്തിലെ സൂക്ഷ്മതയുടെ ബഹിർസ്ഫുരണമാണ് എന്നർഥം. അവയെ പരിഹസിക്കലാകട്ടെ വിശ്വാസരാഹിത്യത്തിന്റെ അടയാളവുമാണ്. സ്ത്രീപുരുഷന്മാർ എങ്ങനെ വസ്ത്രം ധരിക്കണം എന്നത് അല്ലാഹുവും അവന്റെ ദൂതനും പഠിപ്പിച്ച കാര്യമാണ്. പുരുഷന്മാരോട് താടി വളർത്താൻ കൽപിച്ചതും വസ്ത്രം നെരിയാണിക്ക് താഴെയിറങ്ങുന്നത് വിരോധിച്ചതും അല്ലാഹുവിന്റെ റസൂലാണ്. സ്വജീവിതത്തിൽ അത് പാലിക്കാൻ വൈമനസ്യമുള്ളതിനാൽ അതിനെയൊക്കെ കളിയാക്കുകയും വിമർശിക്കുകയും ചെയ്യുന്ന മുസ്‌ലിം നാമധാരികളെ നമുക്ക് കാണുവാൻ സാധിക്കും. അത് പടച്ചവൻ നൽകിയ നാവ് എന്ന അനുഗ്രഹത്തെ അപകടകരമായ രൂപത്തിൽ വിനിയോഗിക്കലാണ്. ആ ശേഷി ഏത് സമയവും തിരിച്ചെടുക്കാൻ കഴിവുള്ളവനാണ് അല്ലാഹു എന്നൊരു ബോധം കൂടി ഉണ്ടാവണം.

ലേഖനം






# നബിനിന്ദകർ പഠിക്കേണ്ടത് നബിജീവിതം

അബ്ദുൽ മാലിക് സലഫി
: 96565 30656

'My choice of Muhammad to lead the list of the world's most influential persons may surprise some readers and may be questioned by others, but he was the only man in history who was supremey successful on both the religious and secular level.....'

1932ൽ ന്യൂയോർക്ക് സിറ്റിയിൽ ജനിച്ച മൈക്കൽ എച്ച് ഹാർട്ട് എന്ന ചരിത്രകാരൻ 1978ൽ പുറത്തി റക്കിയ തന്റെ The 100: A Ranking of the Most Influential Persons in History എന്ന ഗ്രന്ഥത്തിൽ കുറിച്ചിട്ട വരികളാണിവ.

നബിജീവിതം സമഗ്രമായി പഠിച്ച അദ്ദേഹം, മനുഷ്യചരിത്രത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ 100 മനുഷ്യരുടെ റാങ്കിങ്ങിൽ മുഹമ്മദ് നബി(സ്വ)യെ ഒന്നാമതായി എണ്ണിയിരിക്കുന്നു. മതപരവും മതേതരവുമായ വിഷയങ്ങളിൽ പൂർണമായി വിജയിച്ച ചരിത്രത്തിലെ ഒരേയൊരു വ്യക്തി മുഹമ്മദ് നബി(സ്വ)യാണെന്ന് അദ്ദേഹം തുറന്നു പറയുന്നു:

നബി ജീവിതം ഇതുപോലെ മുൻധാരണകൾ മാറ്റിവച്ച് പഠിക്കുന്നവർക്കെല്ലാം ആ മഹത് ജീവിതത്തിൽ അത്യത്ഭുതങ്ങൾ ദർശിക്കാനാവും. നബി(സ്വ)യെ ശരിയാംവണ്ണം അറിഞ്ഞവരാരും അദ്ദേഹത്തെ നിന്ദിച്ചിട്ടില്ല;

**നബി ജീവിതം ഇതുപോലെ മുൻധാരണകൾ മാറ്റിവച്ച് പഠിക്കുന്നവർക്കെല്ലാം ആ മഹത് ജീവിതത്തിൽ അത്ഭുതങ്ങൾ ദർശിക്കാനാവും. നബി(സ്വ)യെ ശരിയാംവണ്ണം അറിഞ്ഞവരാരും അദ്ദേഹത്തെ നിന്ദിച്ചിട്ടില്ല; ബഹുമാനിച്ചിട്ടേയുള്ളൂ. ഇടക്കിടെ നടക്കുന്ന നബിനിന്ദകൾ നബിചരിത്ര പഠനത്തിന്റെ ആവശ്യകത യിലേക്കാണ് വിരൽചൂണ്ടുന്നത്. ആർക്കും മാതൃകയാക്കാവുന്ന വിശുദ്ധ ജീവിതമാണ് അദ്ദേഹം നയിച്ചത്. കോടിക്കണക്കിന് മനുഷ്യരാണ് അദ്ദേഹത്തിന്റെ ജീവിതം പിന്തുടർന്നുകൊണ്ടിരിക്കുന്നത്. ആധുനിക ലോകത്തിനും തിരുനബി(സ്വ) യിൽനിന്ന് ഏറെ പഠിക്കാനുണ്ട്.**

ബഹുമാനിച്ചിട്ടേയുള്ളൂ. ഇടക്കിടെ നടക്കുന്ന നബിനിന്ദകൾ നബിചരിത്ര പഠനത്തിന്റെ ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്.

ആർക്കും മാതൃകയാക്കാവുന്ന വിശുദ്ധ ജീവിതമാണ് അദ്ദേഹം നയിച്ചത്. കോടിക്കണക്കിന് മനുഷ്യരാണ് അദ്ദേഹത്തിന്റെ ജീവിതം പിന്തുടർന്നുകൊണ്ടിരിക്കുന്നത്. ആധുനിക ലോകത്തിനും തിരുനബി(സ്വ) യിൽനിന്ന് ഏറെ പഠിക്കാനുണ്ട്.

അജ്ഞതയാണ് മനുഷ്യനെ അന്ധനാക്കുന്നത്. അവിവേകമാണ് അവനെ അപകടകാരിയാക്കുന്നത്. വിജ്ഞാനം മാത്രമാണ് മനുഷ്യന് വെളിച്ചം നൽകുക. വിനയമാണ് വിജയത്തിലേക്കെത്തിക്കുക. അതിനാൽ അത്യത്ഭുതങ്ങൾ നിറഞ്ഞ നബിജീവിതത്തിലൂടെ നമുക്കൊരു യാത്ര നടത്താം.

ആ ജ്ഞാനസാഗരത്തിലെ മുത്തുകൾ നമ്മെ അത്ഭുതപ്പെടുത്താതിരിക്കില്ല. മനുഷ്യരിൽ അതിശ്രേഷ്ഠനായ തിരുനബി(സ്വ)യുടെ ചരിത്രം രേഖപ്പെടുത്തപ്പെട്ട കടലാസുകളിലെ ഓരോ അക്ഷരത്തിലും പൂർണതയുടെ മഴവില്ലുകൾ നമുക്ക് ദർശിക്കാനാവും.

നബിജീവിതത്തെ വായിക്കുമ്പോൾ നാം അനുഭവിക്കുക അനിർവചനീയ അനുഭൂതി തന്നെയായിരിക്കും. ശീതളക്കാറ്റിനെക്കാൾ കുളിർമയാണ് നബിചരിതങ്ങൾ നമുക്ക് നൽകുക. വിമർശകരെപ്പോലും വിസ്മയിപ്പിച്ച കാര്യങ്ങൾ എമ്പാടും അതിലുണ്ട്. മനുഷ്യമനസ്സിൽ മാറ്റത്തിന്റെ പുതുതിരമാലകൾ അത് സൃഷ്ടിച്ചുകൊണ്ടേയിരിക്കും. അതിനാൽ നമുക്ക് പഠിച്ചു തുടങ്ങാം. മാനവർക്ക് മാതൃകയായ ആ മഹാമനുഷ്യന്റെ മഹിത മാതൃകകൾ നമുക്ക് പഠിക്കാം, പകർത്താം.

**മക്കയിൽ നിന്നുയർന്ന പ്രാർഥന**

ഇബ്റാഹീം(അ) നടക്കുകയാണ്; ശക്തമായ ഉഷ്ണമുണ്ട്. കാലുകൾ പൊള്ളുന്നു. കൂടെ മകൻ ഇസ്മാഈലും ഹാജറയും ഉണ്ട്. ഇസ്മാഈൽ(അ) ചെറിയ കുട്ടിയാണ്. ഹാജറ അരപ്പട്ട മുറുക്കിക്കെട്ടിയിട്ടുണ്ട്. സ്ത്രീകൾ അങ്ങനെ ധരിക്കുന്നത് ആദ്യമാണ്. മൂവരും മക്കയിലെത്തി. ഒരു തണൽമരത്തിന്റെ ചുവട്ടിലിരുന്നു.

അന്ന് മക്ക വിജനമാണ്. പരന്നുകിടക്കുന്ന മരുഭൂമി. നോക്കിയാൽ കാണുന്നത് മണൽക്കൂനകളും വലിയ പർവതങ്ങളും മാത്രം. അദ്ദേഹം ചുറ്റിലും കണ്ണോടിച്ചു. മകനെയും ഹാജറയെയും ഇവിടെയാണ് താമസിപ്പിക്കേണ്ടത്! പടച്ചവന്റെ തീരുമാനം അതാണ്. മക്ക പുണ്യമുള്ള നാടാണ് എന്നതാണ് സമാധാനം. ഭൂമിയുടെ ആരംഭം മുതലേ അങ്ങനെയാണ്.

കുറച്ചുസമയം കഴിഞ്ഞ് ഇബ്റാഹീം(അ) തിരിച്ച് നടക്കാനാരംഭിച്ചു. 'ഞങ്ങളെ ആരെ ഏൽപിച്ചാണ് പോകുന്നത്?' മുലകുടിപ്രായത്തിലുള്ള കുഞ്ഞിനെയുമെടുത്താണ് ഈ ചോദ്യം!

അനപത്യദുഃഖം അനുഭവിച്ചിരുന്ന തനിക്ക് അല്ലാഹു തന്ന കുഞ്ഞാണിത്! പടച്ചവനോടുള്ള ഇഷ്ടവും പുത്രസ്നേഹവും അദ്ദേഹത്തിന്റെയുള്ളിൽ അലകൾ തീർത്തു. അവസാനം ആദ്യത്തേതിനെ മുന്തിച്ച് മുന്നോട്ടുതന്നെ നീങ്ങി. 'അല്ലാഹു' എന്നുമാത്രം മറുപടി പറഞ്ഞു.

'എങ്കിൽ അവൻ ഞങ്ങളെ കൈവെടിയില്ല' വാനഭൂമികളുടെ രക്ഷിതാവിന് ഒരു ഉമ്മയെയും കുഞ്ഞിനെയും രക്ഷിക്കാനാവില്ലേ? തീർച്ചയായും!

ആ മാതാവിന്റെയും പിതാവിന്റെയും ഈയൊരു വിശ്വാസക്കരുത്തിൽ നിന്നാണ് മക്കയുടെ ചരിത്രം ജനിക്കുന്നത്. അവിടെനിന്നാണ് നബി(സ)യുടെ ചരിത്രവും തുടങ്ങുന്നത്.

സംസം ഉണ്ടാവുന്നു, മക്കയിൽ ആളുകൾ വർധിക്കുന്നു, ഇസ്മാഈൽ (അ) വലുതാവുന്നു, വിവാഹിതനാവുന്നു... ചരിത്രം വേഗത്തിൽ തന്നെ കടന്നുപോയി. മകനെ കാണാൻ ഇടയ്ക്കിടെ അദ്ദേഹം വരാറുണ്ട്.

ഇതാ, ഇത്തവണ അദ്ദേഹം എത്തിയിരിക്കുന്നു. ഒരു പുതിയ ചരിതം ആരംഭിക്കാനാണ് ഈ വരവ്. ഇപ്പോൾ മക്ക മുച്ചൂടും മാറിയിട്ടുണ്ട്. വിജനമായിരുന്ന മണ്ണ് ഇന്ന് ജനവാസമുള്ളതായിട്ടുണ്ട്. സംസമിനടുത്ത് ഒരു മരച്ചുവട്ടിൽ അതാ ഇസ്മാഈൽ(അ) ഇരിക്കുന്നു. അമ്പ് മൂർച്ച കൂട്ടുകയാണദ്ദേഹം. പിതാവിന്റെയും മകന്റെയും കണ്ണുകൾ തമ്മിൽ ഉടക്കി. ഓടിവന്ന് കെട്ടിപ്പിടിച്ചു. ദീർഘകാലത്തെ വേർപാടിന്റെ കാർമേഘങ്ങൾ അശ്രുകണങ്ങളായി പെയ്തുതീർന്നു!



‘അല്ലാഹുവിനെ മാത്രം ആരാധിക്കാനായി ഒരു ഭവനം നിർമിക്കണം’ വരവിന്റെ താൽപര്യം മകനെ ധരിപ്പിച്ചു.

ശരി, പണി തുടങ്ങാം. അവർ തുടങ്ങി. പരിശുദ്ധ മണ്ണിലെ പരിശുദ്ധ ഭവനം പണി പൂർത്തിയായി! ലോകാവസാനം വരേക്കുമുള്ളവരുടെ ക്വിബ്‌ലയാണിത്. സപ്തവാനങ്ങളിൽ ഓരോന്നിലും ഇതിനു സമാനമായ ഭവനങ്ങൾ ഉണ്ട്. അവ കഅ്ബക്കു മുകളിലാണെന്ന് അഭിപ്രായമുണ്ട് (ക്വസസുൽ അമ്പിയാഅ്, ഇബ്നുകസീർ, പേ: 185).

ശേഷം കരങ്ങളും കണ്ണുകളും മേൽപോട്ടുയർത്തി പ്രാർഥന; ഈ പ്രവർത്തനം സ്വീകരിക്കപ്പെടാൻ. തുടർന്ന് ഇബ്‌റാഹീം(അ) ഒരു പ്രാർഥനകൂടി നടത്തി. പ്രസ്തുത പ്രാർഥനയിലാണ് നബിചരിത്രത്തിന്റെ ആദ്യാക്ഷരമുള്ളത്. അതിപ്രകാരമായിരുന്നു:

“ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചുകൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്‌കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽനിന്നുതന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു” (അൽബക്വറ 129).

ഈ പ്രാർഥനക്ക് ഉത്തരം കിട്ടി. എപ്പോൾ? നൂറ്റാണ്ടുകൾക്കു ശേഷം! പ്രാർഥനക്ക് പെട്ടെന്ന് പ്രതികരണമാഗ്രഹിക്കുന്നവർക്കിതു പാഠമാണ്. ആ പ്രാർഥനയുടെ ഉത്തരമാണ് നൂറ്റാണ്ടുകൾ കഴിഞ്ഞ് മക്കയിൽ ജനിച്ച മുഹമ്മദ്(സ്വ) എന്ന ലോകഗുരു. പ്രാർഥനയിൽ പറഞ്ഞ എല്ലാം ഒത്തിണങ്ങിയ കാരുണ്യത്തിന്റെ കടൽ!

വിദൂര ഭാവിയിലേക്കുള്ള കാഴ്ചപ്പാടുകൾ എത്ര ഭംഗിയായാണ് ഇബ്‌റാഹീം(അ) രൂപീകരിക്കുന്നത് എന്ന് നോക്കൂ! വിശ്വാസികളുടെ വിചാരങ്ങൾ നൂറ്റാണ്ടുകളെ ഭേദിക്കുന്നതാവണം എന്നതിലേക്കുള്ള ചൂണ്ടുപലകയാണിത്. അറ്റമില്ലാത്ത നന്മകളുടെ തായ്‌വേരുകൾ ചെന്നെത്തുന്നത് ചിലപ്പോൾ നൂറ്റാണ്ടുകൾക്ക് മുമ്പത്തെ ഒരു സൽകർമത്തിലായിരിക്കും! അതാണ് ‘ഞാൻ എന്റെ പിതാവിന്റെ പ്രാർഥനയാണ്’ എന്ന തിരുവാക്യത്തിന്റെ പൊരുൾ!

**അവർ കാത്തിരുന്ന നബി!**

ആൾക്കൂട്ടത്തിനിടയിൽ സ്വന്തം മക്കളെ തിരിച്ചറിയാത്തവർ ഉണ്ടാകുമോ? ഇല്ല! ഇപ്രകാരം വേദക്കാർക്ക് പ്രവാചകനെ അറിയാമായിരുന്നു. മക്കളുടെ പേര് മാത്രമാണോ രക്ഷിതാക്കൾക്കറിയുക? അല്ല! അവരുടെ അഭിരുചികൾ, സ്വഭാവം, പെരുമാറ്റം, താൽപര്യങ്ങൾ... എല്ലാം അറിയും. മക്കയിൽ വരാനിരിക്കുന്ന നബിയെ വേദക്കാർ ഇപ്രകാരം അറിഞ്ഞിരുന്നു!

**നബിജീവിതത്തെ വായിക്കുമ്പോൾ നാം അനുഭവിക്കുക അനിർവചനീയ അനുഭൂതി തന്നെയായിരിക്കും. ശീതളക്കാറ്റിനെക്കാൾ കുളിർമയാണ് നബിചരിതങ്ങൾ നമുക്ക് നൽകുക. വിമർശകരെപ്പോലും വിസ്മയിപ്പിച്ച കാര്യങ്ങൾ എമ്പാടും അതിലുണ്ട്. മനുഷ്യമനസ്സിൽ മാറ്റത്തിന്റെ പുതുതിരമാലകൾ അത് സൃഷ്ടിച്ചുകൊണ്ടേയിരിക്കും. അതിനാൽ നമുക്ക് പഠിച്ചു തുടങ്ങാം. മാനവർക്ക് മാതൃകയായ ആ മഹാമനുഷ്യന്റെ മഹിത മാതൃകകൾ നമുക്ക് പഠിക്കാം, പകർത്താം.**

എവിടെനിന്നാണ് അവർക്ക് ഈ വിവരങ്ങൾ കിട്ടിയത്? മൂസാനബി(അ)യുടെയും ഈസാനബി(അ)യുടെയും അധ്യാപനങ്ങളിൽ നിന്നുതന്നെ! നബി(സ്വ)യുടെ പേര്, നാട്, ഹിജ്‌റ പോക്ക്, ഹിജ്‌റ പോകുന്ന നാട്, സ്വഭാവം, അഭിരുചികൾ... അങ്ങനെ എല്ലാം!

പക്ഷേ, ആ പ്രവാചകൻ വന്നപ്പോൾ ചിലർ സ്വീകരിച്ചു, ചിലർ തള്ളി! അറിയാത്തതുകൊണ്ടല്ല! അഹങ്കാരംകൊണ്ട്! മുൻ പ്രവാചകന്മാർ ഇങ്ങനെ പ്രവചിച്ച ഒരു പ്രവാചകൻ ചരിത്രത്തിൽ വേറെയില്ല!

**ചില ചരിത്രസംഭവങ്ങളിലേക്ക് നമുക്ക് പോകാം.**

നബി(സ്വ) വരുന്നതിനു മുമ്പേ അദ്ദേഹത്തെ പഠിച്ചറിഞ്ഞവരുടെ ചരിത്രം ഏറെ കൗതുകമുളവാക്കുന്ന താണ്.

ഇബ്നു ഹയ്യബാൻ ശാമുകാരനായ ഒരു യഹൂദിയാണ്. അയാൾ ശാമിൽനിന്ന് മദീനയിലേക്ക് യാത്ര പോയി. അവിടെയാണിപ്പോൾ താമസം. നല്ല മനുഷ്യനായി ആളുകൾക്കിടയിൽ അറിയപ്പെട്ടു. ആരാധനകളിൽ നിഷ്ഠ പുലർത്തിയ വ്യക്തിയായിരുന്നു അദ്ദേഹം. മരണമടുത്തപ്പോൾ ആളുകൾ അദ്ദേഹത്തിനടുത്ത് ഒരുമിച്ചുകൂടി. കൂട്ടത്തിൽ അസദ്, സഅലബ, അസദ് ബിൻഉബൈദ് എന്നീ യുവാക്കളും ഉണ്ട്.

അദ്ദേഹം പറഞ്ഞു: ‘യഹൂദികളേ! സമ്പന്നതയുടെ മടിത്തട്ടിൽനിന്ന് ദാരിദ്ര്യത്തിന്റെ ഈ നാട്ടിലേക്ക് ഞാൻ വന്നത് എന്തിനാണെന്ന് നിങ്ങൾക്കറിയുമോ?’

'ഇല്ല'

'ഒരു നബിയുടെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ വന്നത്. അദ്ദേഹം വരാറായിട്ടുണ്ട്. ഈ നാട്ടിലേക്കാണ് അദ്ദേഹം ഹിജ്റ വരിക. അദ്ദേഹം വന്നാൽ നിങ്ങൾ അദ്ദേഹത്തെ പിൻപറ്റണം.' ഇതു പറഞ്ഞ് അയാൾ മരിച്ചു.

മഹ്മൂദ് ബിൻ ലബീദ് പറയുന്നു: 'ഞങ്ങളുടെ വീടിനടുത്ത് ഒരു യഹൂദി ഉണ്ടായിരുന്നു. ഒരു ദിനം തന്റെ ജനതയോടയാൾ മരണാനന്തര ജീവിതത്തെക്കുറിച്ചും സ്വർഗനരകങ്ങളെക്കുറിച്ചും വിചാരണയെ ക്കുറിച്ചുമെല്ലാം സംസാരിച്ചു. അവർ പരലോക ജീവിതത്തെ അംഗീകരിക്കാത്ത വിഗ്രഹാരാധകരായിരുന്നു.' നബി(സ്വ)യുടെ നിയോഗത്തിന് തൊട്ടുമുമ്പാണ് ഈ സംഭവം.

'നിനക്ക് നാശം! മരണാനന്തരം ഒരു ലോകമോ? അസംബന്ധം! എന്താണ് നിനക്കുള്ള തെളിവ്?'

മക്കയുടെ ഭാഗത്തേക്ക് വിരൽ ചൂണ്ടി അയാൾ പറഞ്ഞു: 'ആ നാട്ടിൽനിന്ന് ഒരു നബി വരാനുണ്ട്.'

'എപ്പോഴാണ് ഞങ്ങൾ അദ്ദേഹത്തെ കാണുക?'

അദ്ദേഹം ചുറ്റും നോക്കി. എന്നെ അദ്ദേഹം കണ്ടു. ഞാൻ കൂട്ടത്തിൽ ചെറുപ്പമായിരുന്നു.

'ഈ കുട്ടിക്ക് ആയുസ്സ് ഉണ്ടെങ്കിൽ അവൻ കാണും.'

ദിനങ്ങൾ ഏറെ കഴിഞ്ഞില്ല! നബി(സ) വന്നു! ഞങ്ങൾ എല്ലാവരും വിശ്വസിച്ചു. പക്ഷേ, അസൂയ മൂത്ത അയാൾ വിശ്വസിച്ചില്ല!!

വിഗ്രഹാരാധകരുമായി യുദ്ധമുണ്ടാകുമ്പോൾ ജൂതന്മാർ ഇപ്രകാരം പറയാറുണ്ട്: 'ഒരു നബി വരാറായിട്ടുണ്ട്. അദ്ദേഹം വന്നാൽ ഞങ്ങൾ അദ്ദേഹത്തിനൊപ്പം ചേർന്ന് നിങ്ങളോട് യുദ്ധം ചെയ്ത് നിങ്ങളെ നിലംപരിശാക്കും.'

'ഞങ്ങൾക്കും അവർക്കുമിടയിൽ തീർപ്പുകൽപിക്കുന്ന ആ പ്രവാചകനെ നീ വേഗം നിയോഗിക്കണേ അല്ലാഹുവേ' എന്നുവരെ ജൂതന്മാർ പ്രാർഥിക്കാറുണ്ടായിരുന്നു!

**വേദക്കാർക്ക് പ്രവാചകനെ അറിയാമായിരുന്നു. മക്കളുടെ പേര് മാത്രമാണോ രക്ഷിതാക്കൾക്കറിയുക? അല്ല! അവരുടെ അഭിരുചികൾ, സ്വഭാവം, പെരുമാറ്റം, താൽപര്യങ്ങൾ... എല്ലാം അറിയും. മക്കയിൽ വരാനിരി ക്കുന്ന നബിയെ വേദക്കാർ അറിഞ്ഞിരുന്നു! എവിടെനിന്നാണ് അവർക്ക് ഈ വിവരങ്ങൾ കിട്ടിയത്? മൂസാ നബി(അ)യുടെയും ഈസാ നബി(അ)യുടെയും അധ്യാപനങ്ങളിൽ നിന്നുതന്നെ! നബി(സ്വ)യുടെ പേര്, നാട്, ഹിജ്റ പോക്ക്, ഹിജ്റ പോകുന്ന നാട്, സ്വഭാവം, അഭിരുചികൾ... അങ്ങനെ എല്ലാം! പക്ഷേ, ആ പ്രവാചകൻ വന്നപ്പോൾ ചിലർ സ്വീകരിച്ചു, ചിലർ തള്ളി! അറിയാത്തതുകൊണ്ടല്ല! അഹങ്കാരംകൊണ്ട്! മുൻ പ്രവാചകന്മാർ ഇങ്ങനെ പ്രവചിച്ച ഒരു പ്രവാചകൻ ചരിത്രത്തിൽ വേറെയില്ല!**

സ്വഫിയ്യ(റ)യും പിതാവ് ഹുയയ്യും പിതൃസഹോദരൻ അബൂയാസിറും മദീനയിലെത്തിയ നബി(സ)യെ കാണാൻ ചെന്നു. കണ്ടു. സംസാരിച്ചു. മടക്കത്തിൽ അബൂയാസിർ ചോദിച്ചു:

"ഇത് 'അദ്ദേഹം' തന്നെയല്ലേ?"

'അതെ!'

'നിങ്ങൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞോ?'

'അതെ!'

'ഇനിയെന്താണ് പദ്ധതി?'

'ശത്രുത തന്നെ!'

ഖദീജ(റ)യുടെ പിതൃവ്യപുത്രനായ വറകത്ത് ബിൻ നൗഫലിന്റെ കഥ ഏറെ പ്രസിദ്ധമാണ്. നബി(സ)യുടെ വർത്തമാനങ്ങൾ കേട്ട ഉടനെ അദ്ദേഹം പ്രവാചകനെ തിരിച്ചറിഞ്ഞു!

അബ്ദുല്ലാഹി ബിൻസലാമും (റ) ഇത്തരത്തിൽ നബിയെ തിരിച്ചറിഞ്ഞ വ്യക്തിയാണ്.

വരാനുള്ള നബിയെക്കുറിച്ച് കേട്ട അറബികളിൽ ചിലർ തങ്ങളുടെ മക്കൾക്ക് മുഹമ്മദ് എന്ന പേരു മന:പൂർവം നൽകിയിരുന്നു!

അദിയ്യ്, സുഫ്‌യാൻ ബിൻ മശാജിഅ, ഉസാമ ബിൻ മാലിക്, യസീദ് ബിൻ റബീഅ എന്നിവർ അതിൽ പെട്ടവരായിരുന്നു. ശാമിൽനിന്ന് ഒരു പുരോഹിതനിൽ നിന്നാണ് ഈ വിവരം അവർക്കു കിട്ടിയത്! (ത്വബ്റാനി: 273).

ഇരുട്ടിൽ മുങ്ങിയ ലോകത്തേക്ക് വെളിച്ചവുമായിവന്ന മുത്ത്നബി(സ്വ)യെ മുൻവേദക്കാർ എപ്രകാരം അറിഞ്ഞിരുന്നു എന്നത് ഇതിൽനിന്നെല്ലാം വ്യക്തമാണ്. അല്ലാഹുവിന്റെ ഈ വചനങ്ങൾ ശ്രദ്ധേയമാണ്:

"നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നത് പോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ചയായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ടുതന്നെ സത്യം മറച്ചുവെക്കുക യാകുന്നു" (അൽബഖറ 146).

"മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്റാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു" (സൂറതുസ്സ്വഫ്ഫ് 6).

മക്കത്തുദിക്കാനിരിക്കുന്ന മുത്തിനെ ലോകം കാത്തിരിക്കുകയായിരുന്നു എന്ന് സാരം! കൈവെള്ളയിലെത്തിയ ആ മുത്തിനെ പക്ഷേ, ചിലർ കണ്ടില്ല! അവർക്കതിന്റെ പരിമളം ആസ്വദിക്കാനായില്ല! ■



# ഇബ്റാഹീം നബി(അ): ജീവിതവും സന്ദേശവും വിശുദ്ധ ക്വുർആനിൽ

സലീം പടല

വിശുദ്ധ ക്വുർആനിൽ 25 അധ്യായങ്ങളിലായി 69 സ്ഥലങ്ങളിൽ പേര് പരാമർശിക്കപ്പെട്ട മഹാനായ പ്രവാചകനാണ് ഇബ്റാഹീം(അ). ഹജ്ജ് വേളയിലും ബലിപെരുന്നാൾ ആഘോഷത്തിലും മാത്രമല്ല  ഓരോ നമസ്കാരത്തിലും ഓർമിക്കപ്പെടുന്ന വ്യക്തിത്വവും എല്ലാ അർഥത്തിലും നാം മാതൃകയാക്കേണ്ട ആദർശ പിതാവുമാണ് അദ്ദേഹം..

**മഹത്ത്വങ്ങൾ**

അല്ലാഹുവിന്റെ സത്യവിശ്വാസികളായ ദാസൻമാരിൽപെട്ട വ്യക്തിത്വം: "തീർച്ചയയും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരിൽ പെട്ടവനാകുന്നു" (ക്വുർആൻ 37/111).

അല്ലാഹു തെരഞ്ഞെടുത്ത മഹാൻ: "അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു.

സത്യവാനായ പ്രവാചകൻ: "വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു" (19/41).

കൈക്കരുത്തും കാഴ്ചപ്പാടുകളുമുള്ള, പരലോക സ്മരണയെന്ന നിഷ്കളങ്ക വിചാരത്താൽ ഉൽകൃഷ്ടരായ,  അല്ലാഹുവിന്റെ ദാസൻമാരിലൊരാൾ:

"കൈക്കരുത്തും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്ന നമ്മുടെ ദാസൻമാരായ ഇബ്റാഹീം, ഇസ്ഹാക്, യഅ്ക്വൂബ് എന്നിവരെയും ഓർക്കുക. നിഷ്കളങ്കമായ ഒരു വിചാരംകൊണ്ട് നാം അവരെ ഉൽകൃഷ്ടരാക്കിയിരിക്കുന്നു. പരലോകസ്മരണയത്രെ അത്" (38/45-46).

അല്ലാഹു സമാധാനം ആശംസിച്ച സദ്വൃത്തൻ: "ഇബ്റാഹീമിന് സമാധാനം! അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്" (37/109,110).

ദൃഢമനസ്കരായ അഞ്ച് നബിമാരിലൊരാളായിരുന്നു അദ്ദേഹം:

"പ്രവാചകൻമാരിൽനിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്). നിന്റെ പക്കൽ നിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽനിന്നും (നാം കരാർ വാങ്ങിയ സന്ദർഭം). ഗൗരവമുള്ള ഒരു കരാറാണ് അവരിൽനിന്നെല്ലാം നാം വാങ്ങിയത്" (33/7).

"നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം-അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു" (42/13).

അല്ലാഹു അദ്ദേഹത്തെ ഇഹലോകത്ത് വിശിഷ്ടനും മികവുറ്റവനുമാക്കി. പരലോകത്ത് സജ്ജനങ്ങളിൽ പെട്ടവനായിരിക്കും അദ്ദേഹം:

"...ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും" (2/130).

മനുഷ്യരുടെ നേതാവായി അല്ലാഹു ഇബ്റാഹീം നബി(അ)യെ നിശ്ചയിച്ചു:

"ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് ചില കൽപനകൾ കൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് നിറവേറ്റുകയും ചെയ്ത കാര്യവും (നിങ്ങൾ അനുസ്മരിക്കുക). അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ നിന്നെ മനുഷ്യർക്ക് നേതാവാക്കുകയാണ്...(2/124).

നിഷ്കളങ്ക ഹൃദയവുമായി തന്റെ റബ്ബിന്റെ സന്നിധിയിൽ ചെന്ന പുണ്യവാൻ:

"നിഷ്കളങ്കമായ ഹൃദയത്തോടുകൂടി അദ്ദേഹം തന്റെ രക്ഷിതാവിങ്കൽ വന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു)" (37/84).

"...അതല്ല വക്രതയില്ലാത്ത ശുദ്ധമനസ്കനായിരുന്ന ഇബ്റാഹീമിന്റെ മാർഗമാണ് (പിൻപറ്റേണ്ടത്). അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നില്ല. വക്രതയില്ലാത്ത, കളങ്കമില്ലാത്ത മനസ്സുള്ള ശുദ്ധമാനസൻ. ഒരിക്കലും അദ്ദേഹം ബഹുദൈവ വിശ്വാസിയായിരുന്നില്ല" (2/135).

അദ്ദേഹം ജൂതനോ ക്രിസ്ത്യാനിയോ മുശ്രിക്കോ ആയിരുന്നില്ല; മുസ്ലിമായിരുന്നു:

"ഇബ്റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല"(3/67).

അല്ലാഹു കീഴ്പെടാൻ പറഞ്ഞപ്പോൾ കീഴ്പെട്ട യഥാർഥ മുസ്ലിം:

"നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോക രക്ഷിതാവിന്ന് ഞാനിതാ കീഴ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു" (2/131).

അതിന്നായി അദ്ദേഹം അല്ലാഹുവോട് പ്രാർഥിച്ചിരുന്നു: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും, ഞങ്ങളുടെ സന്തതികളിൽനിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും, ഞങ്ങളുടെ ആരാധനാക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും, ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (2/128).

മുസ്ലിമായിക്കൊണ്ടല്ലാതെ മരിച്ചുപോകരുതെന്ന് മക്കളെ അദ്ദേഹം ഉപദേശിച്ചിരുന്നു:"ഇബ്റാഹീമും യഅ്ക്കൂബും അവരുടെ സന്തതികളോട് ഇത് (കീഴ്വണക്കം) ഉപദേശിക്കുകകൂടി ചെയ്തു. എന്റെ മക്കളേ, അല്ലാഹു നിങ്ങൾക്ക് ഈ മതത്തെ വിശിഷ്ടമായി തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ അല്ലാഹുവിന്ന് കീഴ്പെടുന്നവരായി (മുസ്ലിംകളായി)ക്കൊണ്ടല്ലാതെ നിങ്ങൾ മരിക്കാനിടയാകരുത്. (ഇങ്ങനെയാണ് അവർ ഓരോരുത്തരും ഉപദേശിച്ചത്)" (2/132).

അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം (ഉമ്മത്ത്) തന്നെയായിരുന്നു അദ്ദേഹം: "തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു..."(16/120).

അല്ലാഹു അദ്ദേഹത്തെ സുഹൃത്തായി സ്വീകരിച്ചു: "അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു" (4/125).

ഏറെ താഴ്മയും സഹനശീലവുമുള്ള മഹാൻ: "...തീർച്ചയായും ഇബ്റാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമാകുന്നു" (9/114).

**അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം (ഉമ്മത്ത്) തന്നെയായിരുന്നു അദ്ദേഹം: "തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു...''(16/120). അല്ലാഹു അദ്ദേഹത്തെ സുഹൃത്തായി സ്വീകരിച്ചു: "അല്ലാഹു ഇബ്റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു'' (4/125).**



**സത്യനിഷേധിയും സേച്ഛാധിപതിയുമായ നംറൂദിന്റെ വായടപ്പിച്ച ഇബ്റാഹീം നബി(അ)യുടെ മറുപടി നിത്യപ്രസക്തമാണ്: "ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്രാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി...'' (2/258). സ്വയം ദൈവമാണെന്ന് വാദിക്കുന്ന, തന്നിൽ ദിവ്യത്വമുണ്ടെന്ന് ജൽപിക്കുന്ന 'ആൾദൈവ'ങ്ങളോടും 'ദിവ്യൻ'മാരോടും ഇബ്റാഹീമീ ആദർശം പിൻപറ്റുന്ന മുസ്‌ലിംകൾക്ക് ഇന്നും ചോദിക്കാനുള്ളത് അയ്യായിരം വർഷം മുമ്പ് ഇബ്റാഹീം(അ) ചോദിച്ച അതേ ചോദ്യം തന്നെയാണ്.**

വിവേകം നൽകപ്പെട്ടവൻ: "മുമ്പ് ഇബ്റാഹീമിന് തന്റേതായ വിവേകം നാം നൽകുകയുണ്ടായി. അദ്ദേഹത്തെ പറ്റി നമുക്കറിയാമായിരുന്നു" (21/51).

പശ്ചാത്താപമനഃസ്ഥിതിയുള്ള ക്ഷമാലു: "തീർച്ചയായും ഇബ്റാഹീം സഹനശീലനും ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്" (11/75).

കടമകളെല്ലാം നിറവേറ്റി: "അതല്ല, മൂസായുടെ പത്രികകളിൽ ഉള്ളതിനെപ്പറ്റി അവന് വിവരം അറിയിക്കപ്പെട്ടിട്ടില്ലേ? (കടമകൾ) നിറവേറ്റിയ ഇബ്റാഹീമിന്റെയും (പത്രികകളിൽ)" (53/36, 37).

അനുഗ്രഹങ്ങൾക്കെല്ലാം നന്ദി കാണിച്ചു: "അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം...'' (16/121).

അദ്ദേഹത്തിന് അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുത്തു: "അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയുംകൂടിയാണത്'' (6/75).

ഇബ്റാഹീം നബി(അ) നിന്ന് പ്രാർഥിച്ച സ്ഥലം നമസ്കാര സ്ഥലമായി സ്വീകരിക്കാൻ അല്ലാഹു കൽപിച്ചു: "ആ ഭവനത്തെ (കഅ്ബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക). ഇബ്റാഹീം നിന്ന് പ്രാർഥിച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര (പ്രാർഥന) വേദിയായി സ്വീകരിക്കുക...'' (2/125).

അദ്ദേഹം "പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ" (26/84) എന്ന് പ്രാർഥിച്ചപ്പോൾ അല്ലാഹു അത് സ്വീകരിച്ചു:

"പിൽക്കാലക്കാരിൽ അദ്ദേഹത്തിന്റെ സൽകീർത്തി നാം അവശേഷിപ്പിക്കുകയുംചെയ്തു" (37/108).

സന്താനസൗഭാഗ്യത്തിനായി അദ്ദേഹം പ്രാർഥിച്ചു: "എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ" (37/100).

സഹനശീലനായ മകനെ നൽകി അല്ലാഹു അനുഗ്രഹിച്ചു: "അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷവാർത്ത അറിയിച്ചു" (37/101).

ഇബ്റാഹീം നബിയുമായി ഏറ്റവും അടുപ്പമുള്ളവർ മുഹമ്മദ് നബിയും അവിടുത്തെ അനുയായികളുമാണെന്ന കാര്യവും വിശുദ്ധ ക്വുർആൻ നമ്മോട് ഉണർത്തുന്നുണ്ട്: "തീർച്ചയായും ജനങ്ങളിൽ ഇബ്റാഹീമിനോട് കൂടുതൽ അടുപ്പമുള്ളവർ അദ്ദേഹത്തെ പിന്തുടർന്നവരും ഈ പ്രവാചകനും (അദ്ദേഹത്തിൽ) വിശ്വസിച്ചവരുമാകുന്നു..."(3/68).

അദ്ദേഹത്തിന്റെ കുടുംബത്തെ അല്ലാഹു ഉൽകൃഷ്ടരായി തെരഞ്ഞെടുത്തു: "തീർച്ചയായും ആദമിനെയും നൂഹിനെയും ഇബ്റാഹീം കുടുംബത്തെയും ഇംറാൻ കുടുംബത്തെയും ലോകരിൽ ഉൽകൃഷ്ടരായി അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു" (3/33).

അല്ലാഹു തന്റെ കാരുണ്യത്തിൽനിന്നും ഇബ്റാഹീം സന്തതികൾക്ക് നൽകുകയും അവർക്ക് ഉന്നതമായ സൽകീർത്തി ഉണ്ടാക്കുകയും ചെയ്തു: “നമ്മുടെ കാരുണ്യത്തിൽനിന്നും അവർക്ക് നാം നൽകുകയും അവർക്ക് നാം ഉന്നതമായ സൽകീർത്തി ഉണ്ടാക്കുകയും ചെയ്തു” (19/50).

ഇബ്റാഹിം നബിയുടെ മാർഗം പിന്തുടർവന്നവരെക്കാൾ ഉത്തമമതക്കാരില്ല: “സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും, നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമമതക്കാരൻ ആരുണ്ട്?...” (4/125).

സ്വയം വിഡ്ഢിയായവനല്ലാതെ ഇബ്റാഹീമിന്റെ മാർഗത്തെ വെറുക്കാനാവില്ല: “സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽതന്നെയായിരിക്കും” (2/130).

**ആദർശ പ്രബോധനം**

സത്യനിഷേധിയും സ്വേച്ഛാധിപതിയുമായ നംറൂദിന്റെ വായടപ്പിച്ച ഇബ്റാഹീം നബി(അ)യുടെ മറുപടി നിത്യപ്രസക്തമാണ്:

“ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്രാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി...” (2/258).

സ്വയം ദൈവമാണെന്ന് വാദിക്കുന്ന, തന്നിൽ ദിവ്യത്വമുണ്ടെന്ന് ജൽപിക്കുന്ന ‘ആൾദൈവ’ങ്ങളോടും ‘ദിവ്യൻ’മാരോടും ഇബ്റാഹീമീ ആദർശം പിൻപറ്റുന്ന മുസ്‌ലിംകൾക്ക് ഇന്നും ചോദിക്കാനുള്ളത് അയ്യായിരം വർഷം മുമ്പ് ഇബ്റാഹീം(അ) ചോദിച്ച അതേ ചോദ്യം തന്നെയാണ്.

ഇബ്റാഹീം നബി(അ) ബഹുദൈവിശ്വസികളായ സ്വജനതയോട് ഉറക്കെ പറഞ്ഞ കാര്യം അല്ലാഹു എടുത്തുദ്ധരിക്കുന്നുണ്ട്. ഏകദൈവവിശ്വാസം വഴി നിർഭയത്വവും സമാധാനവും ശാന്തിയും സുരക്ഷിതത്വ ബോധവും ഔന്നിത്യവും ഉണ്ടാവും. ബഹുദൈവവിശ്വാസം വഴി അരക്ഷിതത്വബോധവും ഭീതിയും അസമാധാനവും അധമത്വവുമാണുണ്ടാവുക. അതായത് സ്രഷ്ടാവിനെ ആരാധിക്കുക വഴി മനുഷ്യൻ ഉന്നതനായിത്തീരുന്നു. സൃഷ്ടിപൂജ വഴി അധമനും!

അദ്ദേഹം ജനതയോട് ചോദിക്കുന്ന ചോദ്യമിതാണ്: “നിങ്ങൾ അല്ലാഹുവിന് പങ്കാളികളാക്കുന്നവയെ ഞാനെങ്ങനെ പേടിക്കും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്കൊരു തെളിവും തന്നിട്ടില്ലാത്തവയെ അവനിൽ പങ്കാളികളാക്കുന്നതിനെക്കുറിച്ച് ഭയപ്പെടുന്നുമില്ല. നമ്മൾ ഇരുവിഭാഗങ്ങളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹർ? നിങ്ങൾക്ക് തിരിച്ചറിവുണ്ടെങ്കിൽ പറയൂ” (6/81).

തുടർന്ന് പറയുന്നു: “വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരി ക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ച വർ” (6/82).

ഈ വചനത്തിലെ ‘അന്യായം’ എന്നതുകൊണ്ട് അർഥമാക്കുന്നത് ബഹുദൈവവിശ്വാസം (ശിർക്ക്) ആണെന്ന് വിശുദ്ധ ക്വുർആനിലെ 31/13 വചനം ഓതിക്കൊണ്ട് മുഹമ്മദ് നബി(സ്വ) വിശദീകരിച്ച് തന്നിട്ടുണ്ട്.

വളരെ യുക്തിപരമായി തന്റെ ജനതക്ക് ഏകദൈവവിശ്വാസത്തിന്റെ സത്യതയും ബഹുദൈവ വിശ്വാസത്തിന്റെ നിരർഥകതയും മനസ്സിലാക്കി കൊടുക്കുന്ന ഒരു രംഗമുണ്ട്:

“അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്! അങ്ങനെ അതും അസ്തമിച്ചു പോയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽനിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല” (6/76-78).

ശേഷം അദ്ദേഹം നടത്തുന്ന ആദർശ പ്രഖ്യാപനം ഇങ്ങനെയാണ്: “തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല” (6/79).

*(അവസാനിച്ചില്ല)*




# വിചാരധാര

സുലൈമാൻ പെരുമുക്ക്

ഫാഷിസം അതിന്റെ
വിചാരധാരയിൽ
ഇരകളാരെന്ന്
അടിവരയിട്ടു
എഴുതിവെച്ചിട്ടുള്ളതിൽ
എന്റെ പേരും
നിന്റെ പേരും
നമ്മുടെയൊക്കെ
രക്ഷകനായി
ചമയുന്നവന്റെ പേരും
വ്യക്തമായി കാണുമ്പോഴും
അടിമയായി
ജീവിക്കേണ്ടി വന്നാലും
ആർത്തി തീരുംവരെ
ജീവിക്കാമെന്ന മോഹം
വ്യാമോഹമാണെന്നത്
എനിക്കു ശേഷം
അവർ നിങ്ങളെത്തേടി
വരുമ്പോഴെങ്കിലും
നിങ്ങൾക്കു മനസ്സിലാകും!

# വിശാലത



എനിക്കു
ചിറകടിച്ചു
പറക്കാനുള്ളതാണ്
ഈ ആകാശമെന്ന്
ഓരോ പക്ഷിയും
കരുതുമ്പോഴും
അതേ അവകാശം
മറ്റുള്ളവർക്കും
വകവെച്ചുകൊടുക്കുന്ന
ആകാശത്തോളം
വിശാലത ആ
ചെറുഹൃദയത്തിനുണ്ട്!


ഇനി പഠനം രസകരമാകും
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
Zameel Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
Google play
Available on the App Store
Peace Radio
RadioForPeace

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JUNE 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate**
ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ
നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി
നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm